T 3
G29G

# ആരുടെ നാരി?

ജോർജ് നെല്ലാ

J. ARUR.

# ആരുടെ നേതാവ് ?

ജോർജ്ജ് നെല്ലായി

# ആരുടെ നേതാവ്?

(ചെറുകഥകൾ)

ഗ്രന്ഥകർത്താ:

ജോർജ്ജ് നെല്ലായി

DHARMARAM COLLEGE LIBRARY
19805
BANGALORE.

S. H. L.

പ്രസാധകർ:

എസ്. എച്ച്. ലീഗ്,

ആലുവാ നോർത്ത്, P.O.

വില 7ണ

ഒന്നാംപതിപ്പ് കോപ്പി 2000
ജാനുവരി 25, 1956

(പകർപ്പവകാശം എസ്. എച്ച്. ലീഗിന്)

Permissu Superiorum

PRINTED AT
THE UNION PRESS, MARIAPURAM
P. O, OLLUR

# ഒരു നിമിഷം

ചിറകുകൾ മുളയ്ക്കുന്നേ ഉള്ളുവെങ്കിലും പറക്കാനുള്ള വ്യഗ്രതയാണ് എന്നെ ഇവിടെ കൊണ്ടുവന്നെത്തിച്ചതു്. ഇവിടെ നിന്നുകൊണ്ടു് ഞാൻ ചുററുപാടും കണ്ണോടിക്കുകയാണ്!

മധുരമായി പാടണമെന്നെനിയ്ക്കു് ആഗ്രഹമുണ്ടു്; പക്ഷേ, പാട്ടറിഞ്ഞുകൂടാ. മനോഹരമായി വീണമീട്ടണമെന്നെനിക്കാശയുണ്ടു്; പക്ഷേ, രാഗമറിഞ്ഞുകൂടാ. അത്തരത്തിലുള്ള ഒരാളെപ്പററി ചിന്തിച്ചുനോക്കു—അതാണ് ഞാൻ.

നാട്ടിൻപുറത്തെ കാട്ടരുവികളിലും കാട്ടുമുല്ലകളുടെ മനോഹാരിതയിലും എൻെറ ചിന്ത ചെന്നു പതിയാറുണ്ടു്. അവിടെ കാണുന്ന സൗന്ദര്യവും സൗരഭ്യവുമെല്ലാം അപ്പാടെ പകൎന്നെടുക്കണമെന്നു ഞാൻ അഭിലഷിക്കാറുണ്ടു്. പക്ഷേ, ഒരാദൎശസമരത്തിൻെറ അടിത്തട്ടിലാണ് ഞാൻ ചെന്നുവീണതു്. അവിടെനിന്നുകൊണ്ടു് നാട്ടിൻപുറത്തിൻെറ സൗന്ദര്യവും സുവൎണ്ണസുമങ്ങളുടെ സൗരഭ്യവും നുകരാൻ എനിക്കു കഴിഞ്ഞില്ല.

ഏതായാലും ഈ ആദൎശസമരത്തിൻെറ അടിത്തട്ടിൽ എനിക്കുണ്ടായ അനുഭവങ്ങളും അനുഭൂതികളുമാണ് ഞാനിവിടെ കുറിയ്ക്കുന്നതു്. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത ഒരു വ്യവസ്ഥിതി ഉണ്ടാകണമെന്നാഗ്രഹിക്കുന്ന ഒരു ചെറുപ്പക്കാരൻെറ അനുഭവങ്ങളും അനുഭൂതികളുമായി ഇതിനെ സ്വീകരിക്കണമെന്നു് സഹൃദയലോകത്തോടു ഞാൻ അഭ്യൎത്ഥിക്കുന്നു. അപാകതകൾ ഏറെയുണ്ടെങ്കിലും അകംനിറഞ്ഞനുഗ്രഹിക്കാൻ കഴിവുള്ള സഹൃദയലോകത്തിനു് അതു സാധിക്കുമെന്നു് എനിക്കുറപ്പുണ്ടു്.

ആറു ചെറുകഥകളാണ് ഈ സമാഹാരത്തിലുള്ളതു്. അതിൽ അഞ്ചും ഒന്നുകിൽ കമ്മ്യൂണിസത്തെയോ അല്ലെങ്കിൽ ദുഷിച്ച മുതലാളിത്തത്തെയോ എതിൎക്കുന്നവയാണ്. ആറാമത്തേതു് എനിക്കേററവും ഇഷ്ടപ്പെട്ട ബാല്യകാലത്തിൻെറ സ്മരണകൾ ഉൾക്കൊള്ളുന്നതും!

എന്തോ ചിലതൊക്കെ ചിത്രീകരിക്കാൻ ഞാനീകഥകളിൽക്കൂടി ശ്രമിച്ചിട്ടുണ്ടു്. ആ ശ്രമം വിജയിച്ചോ എന്നു തീരുമാനിക്കേണ്ടതു് മാന്യ വായനക്കാരാണ്. അതവൎക്കു വിട്ടുതരികയും ചെയ്യുന്നു.

എന്നു്,

ഇരിഞ്ഞാലക്കുട,
14—1—1956.

വിധേയനായ ഗ്രന്ഥകൎത്താ:

(ഒപ്പു്)

# കഥകൾ


| | | Page: |
|---|---|---|
| 1. | രണ്ടു ലോകങ്ങൾ | 1 |
| 2. | ആരുടെ നേതാവു് ? | 11 |
| 3. | അവൻ കമ്മ്യൂണിസ്റ്റാ | 28 |
| 4. | എരിയുന്ന ജീവിതങ്ങൾ | 39 |
| 5. | പുലക്കള്ളികൾ പാടുന്നു | 50 |
| 6. | അന്നും ഇന്നും | 61 |

# രണ്ടു ലോകങ്ങൾ

മഴ കുറേശ്ശെ ചാറുന്നുണ്ട്—ഒരു വലിയ മഴ അപ്പോൾ തീർന്നതേയുള്ളു. പുരപ്പുറത്തുനിന്നു വെള്ളം ഇററിററു വീണുകൊണ്ടിരിക്കുന്നു. ചാലുകളിൽക്കൂടി ചെളിവെള്ളം പതഞ്ഞുപതഞ്ഞൊഴുകുകയാണ്. തലേന്നാൾ അപ്പച്ചൻ വാങ്ങിച്ചുകൊടുത്ത പുതിയ മുട്ടുകുടയും നിവർത്തിക്കൊണ്ടു ലൂസി മുററത്തേക്കിറങ്ങി. അവൾ സ്ക്കൂളിലേക്കു പോകുകയാണ്.

ഒരു കൊച്ചു പൂഞ്ചോല ഒഴുകിപ്പോകയാണോയെന്നു തോന്നും ഉടുത്തണിഞ്ഞൊരുങ്ങിക്കൊണ്ടുള്ള ആ കൊച്ചു പെൺകുട്ടിയുടെ പോക്കുകണ്ടാൽ. ലൂസിയുടെ അമ്മ ഇറയത്തുനിന്നുകൊണ്ട് അവളുടെ നടപ്പ് നോക്കുകയാണ്. ഭാവിയുടെ ആ തങ്കക്കുടത്തെക്കുറിച്ചാലോചിച്ചപ്പോൾ ആ അമ്മയ്ക്കു് എന്തെന്നില്ലാത്ത ആനന്ദമുണ്ടായി.

ലൂസി നടന്നു അവളുടെ കൊച്ചു കാലടികഠം ചെളി മണ്ണിൽ പതിഞ്ഞു. ചാറൽമഴ അവളുടെ പുത്തൻകുടയിന്മേൽ മുത്തുമണികഠം പൊഴിച്ചു. അവഠം നേരെ ജോസിൻെറ വീട്ടിലേക്കാണ് നടന്നത്.

അങ്ങകലെയുള്ള ആ വെളിമ്പറമ്പിൽ ജോസിൻെറ കൊച്ചോലമാടം തലയുയർത്തിപ്പിടിച്ചുകൊണ്ടങ്ങനെ നില്ക്കുകയാണ്. ചുററുപാടുമുള്ള മണിമേടകളോടൊക്കെ ഒരു വെല്ലുവിളിയാണെന്നു തോന്നും ആ ചെററക്കുടിലിൻെറ നില്പുകണ്ടാൽ. ലൂസി അങ്ങോട്ടു കയറി.

ചോരുന്ന ആ കാലക്കുടിലിൽ മുട്ടോളം വെള്ളം നില്ക്കുകയാണ്. അവിടെ പെയ്ത മഴ ഒററത്തുള്ളിപോലും പുറത്തുപോയിട്ടില്ല. ജോസും അമ്മയും അകത്തുനിന്നു വെള്ളം തേക്കിക്കളഞ്ഞുകൊണ്ടിരിക്കുന്നതിൽ വ്യാപൃതരായിരിക്കുകയാണ്. ലൂസി ഉമ്മറത്തുനിന്നുകൊണ്ടു ജോസിനെ വിളിച്ചു. ജോസ് പുറത്തേക്കു നോക്കി. സ്കൂളിൽ പോകേണ്ട സമയമായിരിക്കുന്നു. അവൻ ഷർട്ടുമാറി പുറത്തുവന്നു. നാലഞ്ചു കീറലുകഠം തുന്നിക്കുത്തിയ ഒരു പഴയ ഷർട്ടാണത്. ചട്ടപോയ 'പുല്ലട'സ്ലേററും പപ്പടംപോലെയുള്ള പാഠ്യപുസ്തകവുമായി ജോസ് ലൂസിയോടൊത്തു മുററത്തേക്കിറങ്ങി. തെക്കേടത്തുതറവാട്ടിലെ തങ്കക്കുടംപോലെയുള്ള ആ പെൺകുഞ്ഞും തൻെറ ഏല്ലുന്തിയ ഓമനമകനുമൊരുമിച്ചു മുററത്തേക്കിറങ്ങിയപ്പോഠം ജോസിൻെറ അമ്മയുടെ ഹൃദയത്തിൽ ചില മിന്നൽപിണരുകഠം പാഞ്ഞു.

ലൂസിയും ജോസും സ്കൂളിലേക്കു പോയി. കൊച്ചമ്മച്ചേടത്തി അകത്തുനിന്നു മഴവെള്ളം തേക്കിക്കളഞ്ഞുകൊണ്ടുതന്നെയിരുന്നു.

സൂര്യപ്രകാശം ഓലപ്പഴുതുകൾക്കിടയിലൂടെ ആ കൊച്ചുകുടിലിന്റെ അകത്തേക്കു പാഞ്ഞു. ചാറൽമഴ അവസാനിച്ചു പുറത്തുനിന്നിരുന്ന വാഴകളും മററു ചെടികളും കുളിച്ചു തലതോർത്തുന്നതുപോലെ തോന്നി. കൊച്ചമ്മച്ചേടത്തി വീട്ടുജോലികളിൽ വ്യാപൃതയായി. ഉച്ചയ്ക്കു ജോസ് സ്കൂൾവിട്ടുവരും. കഞ്ഞിയെങ്കിൽ കഞ്ഞി— ആ ഓമനക്കുഞ്ഞിന്റെ വിശപ്പടക്കാൻ എന്തെങ്കിലും കൊടുക്കേണ്ടേ? കാലത്തു യാതൊന്നും കഴിക്കാതെയാണു ജോസ് സ്കൂളിലേക്കു പോയതു്.

ചിന്തയുടെ കടന്നൽക്കൂടായിരിക്കയാണു് കൊച്ചമ്മച്ചേടത്തിയുടെ അന്തരംഗം യാതനകളുടെ ഒരു ജീവിതം അവരുടെ മുമ്പിൽ തൂങ്ങുകയാണു്. "ഇനിയും ഇതെത്ര നാൾ തുടർന്നുകൊണ്ടിരിക്കും?" അവർ അവരോടുതന്നെ ചോദിക്കാറുണ്ടു്.

ജോസിന്റെ അപ്പൻ മരിച്ചുപോയപ്പോൾ തുടങ്ങിയതാണാകഷ്ടസ്ഥിതി. നാടൊട്ടുക്കുനടന്ന സാമ്പത്തികതകർച്ചയും അവരുടെ ജീവിതത്തെ പിടിച്ചുകുലുക്കി. പുറമേപോയി എന്തെങ്കിലും ജോലിചെയ്യാമെന്നാസ്ത്രീക്കുണ്ടു്. പക്ഷേ, അവൾക്കൊരു ജോലികൊടുക്കാൻ ലോകത്തിന്റെ കരങ്ങൾക്കു ശക്തിയുണ്ടായില്ല.

അങ്ങനെ ആ സാമ്പത്തികത്തകർച്ചയിൽ എരിഞ്ഞടങ്ങാൻപോകുന്ന രണ്ടു കൈത്തിരികൾ കണക്കു് ആ ജീവിതങ്ങൾ അവശേഷിക്കയാണു്. കൊച്ചമ്മച്ചേടത്തിക്കു് ആകപ്പാടെ ഒരാശമാത്രം ഇനി ഈ ലോകത്തിലുണ്ടു്: ജോസ്! ഒളിവിതറുന്ന ഒരു രജതനക്ഷത്രമാണു ജോസ് അവരുടെ മുമ്പിൽ. അവൻ മൂന്നാംക്ലാസ്സിൽ പഠിക്ക

യാണ്. ഒരു രണ്ടുനാലുകൊല്ലംകഴിയുമ്പോൾ ജോസിനെ എവിടെയെങ്കിലും കൊണ്ടുനിർത്താം. അങ്ങനെ തങ്ങളുടെ ജീവിതത്തിനൊരു നേരിയ ആശ്വാസം കാണാമെന്നവർ കരുതിയിരിക്കുകയാണ്.

അയൽപക്കക്കാരായ ചില സ്ത്രീകളുടെ ഔദാര്യമാണ് ആ അടുപ്പിൽ ചിലപ്പോഴെങ്കിലും തീപ്പുക കാണുന്നതിന് ഇടവരുന്നത്. കൊച്ചമ്മച്ചേടത്തിയുടെ സങ്കടത്തിൽ സഹതപിക്കുന്ന പലരും അവിടെയുണ്ട്. എങ്കിലും അവരെക്കൊണ്ടാകുമോ ഒരു കുടുംബം പുലർത്താൻ?

അങ്ങനെ ഞെങ്ങിഞെരുങ്ങി ദിവസങ്ങൾ നീങ്ങുകയാണ്. പലപ്പോഴും മുഴുവൻപട്ടിണിയും ചിലപ്പോഴെല്ലാം അരപ്പട്ടിണിയുമായി അവർ ജീവിക്കുന്നു.

ആയിടെ മുട്ടിച്ചുപിടിച്ച മഴ സാമ്പത്തികരംഗത്തു പിന്നേയും കുറെ കുഴപ്പങ്ങൾ വരുത്തിവെച്ചു. കള്ളക്കക്കിടകത്തിന്റെ കരിനിഴലുകൾ പ്രത്യക്ഷമാകുന്നതിനുമുമ്പു തന്നെ വറുതിയുടെ കരിനിഴലുകൾ നാമ്പെടുത്തു. ഒരു ദിവസം ഒറോമ്മച്ചേടത്തി കൊച്ചമ്മച്ചേടത്തിയോടു പറഞ്ഞു: "എടി കൊച്ചമ്മേ, നീ എത്രനാളിങ്ങനെ പട്ടിണികിടക്കും. ആ തെക്കേടത്തൊന്നുപോയി ചോദിക്കടി. നിനക്കെന്തെങ്കിലും തരും."

"അവരൊക്കെ വല്യവരു്, ഓറോമ്മച്ചേടത്തി, നമ്മളൊക്കെ ചോദിച്ചാൽ തരോ?"

"നീ അങ്ങനെ കരുതേണ്ട. ആ പെമ്പുള്ള നല്ലവളാ."

തലേന്നുച്ചയ്ക്കു കഞ്ഞിവെച്ചതാണവിടെ. ജോസിന് അയൽപക്കത്തെ അന്നംകുട്ടി വിളിച്ചു് അല്പം കഞ്ഞി

കൊടുത്തു. അതു കുടിച്ച് അവൻ സ്ക്കൂളിലേക്കു പോയി. അവൻ ഉച്ചയ്ക്കു വരുമ്പോൾ കൊടുക്കുന്നതിനൊന്നുമില്ല.

ഓറോമ്മച്ചേടത്തി പറഞ്ഞതു് കൊച്ചമ്മച്ചേടത്തി പ്രമാണമാക്കി. അവർ തെക്കേടത്തെ 'പെമ്പുള്ള'യെ ക്കാണാൻതന്നെ തീരുമാനിച്ചു.

തെക്കേടത്തെ 'പെമ്പുള്ള'യുടെ മകളാണു് ലൂസി. ലൂസിയും കൊച്ചമ്മച്ചേടത്തിയുടെ ജോസും സഹപാഠികളാണു്. ആ പരിഗണനകളൊന്നുമല്ല ലൂസിയുടെ അമ്മയെ സമീപിക്കുവാൻ കൊച്ചമ്മച്ചേടത്തിയെ പ്രേരിപ്പിച്ചതു്. പട്ടിണിയിൽകൂടി മററുള്ളവരുടെ നിർബ്ബന്ധം—അതാണു് അതിനുള്ള കാരണം. അവരാമണിമേടയിലേക്കു നടന്നു. വിടൎന്നുനില്ക്കുന്ന പൂക്കൾക്കിടയിൽ തലയുയൎത്തി നില്ക്കുന്ന ഒരു വലിയ മാളിക. മുററത്തെ തേന്മാവിൽ കുലകുലയായി തൂങ്ങുന്ന മാമ്പഴങ്ങൾ കൊച്ചമ്മച്ചേടത്തിക്കു സ്വാഗതമരുളുന്നതുപോലെ തോന്നി കൊച്ചമ്മച്ചേടത്തി പടികടന്നു.

'ബൌ–ബൌവു_ബൌവൂ' അവിടെ കെട്ടിയിട്ടിരുന്ന ഒരു കൂററൻനായ കുരയ്ക്കാൻ തുടങ്ങി.

ലൂസിയും അവളുടെ പുറകെ ഒരു വേലക്കാരിയും പുറത്തുവന്നു.

'ടൈഗർ_ടൈഗർ' ലൂസി വിളിച്ചു. അവൻ ശാന്തനായി.

'എന്താ വല്യമ്മേ' ലൂസി കൊച്ചമ്മച്ചേടത്തിയോടു ചോദിച്ചു. അവളുടെ പ്രിയപ്പെട്ട സുഹൃത്തിൻെറ അമ്മയാണു് കൊച്ചമ്മച്ചേടത്തി.

'അമ്മയെ ഒന്നു കാണാൻ' കൊച്ചമ്മച്ചേടത്തി പറഞ്ഞു. അവർ പരിയപ്പുറത്തേക്കുള്ള പടികടന്നങ്ങോട്ടു നീങ്ങി.

അഭിമാനവും പട്ടിണിയും തമ്മിൽ കൂട്ടിമുട്ടുന്ന നിമിഷങ്ങളായിരുന്നു അതു്.

കൊച്ചമ്മച്ചേടത്തി അതു് ചോദിച്ചു. നാഴിയരി—അതാണവർ ചോദിച്ചതു്. വിശക്കുന്ന വയറിനെ കീഴടക്കാനുള്ള ലോകത്തിൻെറ സമ്പത്താണ് അരി.

തെക്കേടത്തെ 'പെമ്പുള്ള' കസ്രത്തുകളിക്കാൻ തുടങ്ങി. അവക്കു കൊച്ചമ്മച്ചേടത്തിയുടെ കഷ്ടതയിൽ അതിയായ സങ്കടമുണ്ടു്. എങ്കിലും അവർ പറഞ്ഞു "എന്തു ചെയ്യാം, കൊച്ചമ്മച്ചേടത്തി, ഈയാണ്ടത്തെ കൃഷിമുഴുവൻ പെഴവാ. ഒററമണിനെല്ലു കിട്ടിയില്ലെന്നുപറയാം. കഴിഞ്ഞകൊല്ലം ഈകാലത്തു ഇവിടെ നെല്ലുകൊണ്ടൊരുകളിയായിരുന്നു. ഇക്കൊല്ലം അതുപോയിട്ടു കുട്ടികഠംക്കു് അവിലിടിച്ചുകൊടുക്കാൻപോലും ഒരു മണിയില്ല."

അതൊരു നീണ്ടപ്രസംഗമായിരുന്നു. ആ പ്രസംഗം മുഴുവൻ കൊച്ചമ്മച്ചേടത്തി കേട്ടു. ലോകത്തിൻെറ മുമ്പിൽ പണക്കാരൻ പറയുന്ന പ്രസംഗം!

നിരാശയോടെ അവരവിടെനിന്നു മടങ്ങി. ലൂസിയുടെ അമ്മ പറഞ്ഞ വാക്കുകഠം വഴിനീളെ അവരോത്തു. പണത്തിൻെറ മുകളിൽ കയറിയിരിക്കുന്ന ഒരു ധനാഢ്യൻെറ ഭാര്യ പറഞ്ഞ വാക്കുകഠം! പാവപ്പെട്ടവൻെറ പട്ടിണിയുടെമുമ്പിൽ 'പട്ടിണിപ്രസംഗം' നടത്തി സ്വയം കൃതാർത്ഥതനേടിയ ആ പെൺപിറന്നവളെപ്പററി കൊച്ച

മ്മച്ചേടത്തി ചിന്തിച്ചു! ആ പണക്കാരൻെറ ഭാര്യയും തന്നെപ്പോലെ ഒരു സ്ത്രീയാണ്. തൻെറ കാമന മകനേപ്പോലുള്ള മക്കൾ അവക്കുമുണ്ടു്.

പട്ടിണിയുടെ മഹത്തായ നാലാംദിവസവും അവരന്നാഘോഷിച്ചു. വാടിത്തളൎന്ന ഒരു ചേമ്പിലപോലെയാണ് ജോസ് അന്ന് സ്കൂളിലേക്കുപോയതു്. അവൻെറ അമ്മയുടെ കണ്ണിൽ പൊടിച്ചുനിന്ന കണ്ണുനീർത്തുള്ളികൾ അവൻെറ മനസ്സിൽ എന്തൊക്കെയോ ചിന്താശകലങ്ങൾ ഇളക്കിവിട്ടിട്ടുണ്ടു്. അവൻ സ്കൂളിലേക്കു പോയി.

ബെല്ലടിച്ചു. ക്ലാസ്സുതുടങ്ങി. ചുണയും ചുറുചുറുപ്പുമുള്ള ജോസിൻെറ മുഖം അന്നു വാടിയാണു കണ്ടതു്. ലൂസിയിരിക്കുന്നതു ജോസിൻെറ തൊട്ടടുത്താണ്. അവൾക്കും അന്നു കാണാൻകഴിഞ്ഞു. അവളുടെ കൂട്ടുകാരൻെറ ഭാവഭേദം.

പിരീഡുകൾ ഒന്നുരണ്ടു നീങ്ങി. ജോസ് ഉറക്കംതൂങ്ങി വീഴുന്നതുപോലെയാണ് എല്ലാവക്കും തോന്നിയതു്. പക്ഷെ, അവനൊരു ഉറക്കംതൂങ്ങിയല്ല. എങ്കിലും അവൻ വീണു. സാറും സഹപാഠികളും അവനു ചുററുംകൂടി. അവരവനെ താങ്ങിയെഴുന്നേല്പിച്ചു. 'ജോസിനു എന്തുപററി?' അവൻെറ സാർ ചോദിച്ചു.

'ഒന്നും പററിയില്ല' അവൻ താഴ്ന്നസ്വരത്തിൽ പറഞ്ഞു. അവരവനു കാപ്പിയും വെള്ളവും കൊടുത്തു.

വാടിക്കരിഞ്ഞ ആ മുഖത്തു പെട്ടെന്ന് ഒരു ഉണർവുണ്ടായി. ദിവസം മൂന്നുനാലായി അവൻ ഭക്ഷണം കഴിച്ചിട്ടു്. അവൻെറസാർ അതു് അടുത്ത ക്ലാസ്സിലെ മാഷോടു പറയുന്നതു ലൂസി കേട്ടു. അവളുടെ പിഞ്ചുഹൃദയത്തിൽ

മിന്നൽപിണരുകഠം പാഞ്ഞു. അവളുടെപ്രിയപ്പെട്ടകൂട്ടുകാരൻ വിശന്നുപൊരിയുന്നുവെന്നോ?

അവഠംക്കതു സഹിച്ചില്ല. ചിന്തകളുടെ പരിണതഫലം അവളെ ചില നിശ്ചയങ്ങളിലെത്തിച്ചു.

മററാരേക്കാളും ആ സംഭവം ലൂസിയുടെ ഹൃദയത്തെ പിടിച്ചു കുലുക്കി. അന്നു സ്കൂഠംവിട്ടുപോകുമ്പോഴും വീട്ടിൽ ചെന്നു കാപ്പി കുടിക്കുമ്പോഴും അവഠംക്കു് ആ ചിന്ത തന്നെയായിരുന്നു.

അവളുടെ പ്രിയപ്പെട്ട കൂട്ടുകാരനെ സഹായിക്കണം—ആ ചിന്താശകലം അവളുടെ ഹൃദയാന്തർഭാഗത്തുകൂടിപാഞ്ഞു. നിഷ്ക്കളങ്കതയുടെ ഒരു നീരോട്ടം ആ ചിന്താവിഷയത്തിലുണ്ടായിരുന്നു. അമ്മയോടുചോദിച്ചാൽ—അവഠം വിചാരിച്ചു. വേണ്ട—ആരുമറിയേണ്ട. ഉത്തരക്ഷണത്തിൽതന്നെ അവഠം തിരുത്തി.

അന്നു രാത്രിമുഴുവൻ ലൂസി അതിനെപ്പററിത്തന്നെ ചിന്തിച്ചു. അവസാനമായി അവളാ തീരുമാനത്തിലെത്തിച്ചേർന്നു.

കഴിഞ്ഞകൊല്ലം ക്രിസ്തുമസ്സിനു് ക്രിബ്ബ് വാങ്ങിക്കാൻ ലൂസിക്കു് അപ്പച്ചൻ കുറെ പണം കൊടുത്തിരുന്നു. അവളുടെ കൊച്ചുസഞ്ചിയിൽ അവളതു സൂക്ഷിച്ചിട്ടുണ്ടു്. പണംകൊടുത്തു വാങ്ങിക്കാതെതന്നെ ഒരു ക്രിബ്ബ്സെററ് അവഠംക്കന്നു് ഇളയപ്പൻ ബോംബെയിൽനിന്നു് അയച്ചു കൊടുത്തിരുന്നു. അതുകൊണ്ടു് അപ്പച്ചൻ കൊടുത്ത പണമൊന്നും അവഠം ചെലവാക്കിയില്ല. അതാ കൊച്ചുസഞ്ചിയിലേ ഇരുളടഞ്ഞ കള്ളിയിലുണ്ടു്.

രണ്ടു മുഴുവൻരൂപ! അന്നു് സ്കൂളിൽ പോകുമ്പോൾ ലൂസി അതെടുത്തു. അവളുടെ പുതിയ ബ്ളൌസിനു തയ്യൽക്കാരൻ ഉണ്ടാക്കിക്കൊടുത്തിട്ടുള്ള പോക്കററിൽ അതു നിക്ഷേപിച്ചു.

തികച്ചും സന്തോഷത്തോടുകൂടിയാണു് അവളന്നു് സ്കൂളിലേക്കു പോയതു്. വളരെ നേരത്തെതന്നെ അവളന്നു സ്കൂളിലേക്കുപോയി.

ജോസിനെ കാത്തു കാത്തു് ലൂസിഅവിടെയിരുന്നു. അതാ, ഒന്നാംമണിയടിച്ചു. ഒന്നുരണ്ടുനിമിഷം കഴിഞ്ഞപ്പോൾ ജോസ് വന്നു. അവൻ അവൻെറ സ്ഥലത്തുചെന്നിരുന്നു. ലൂസി അവൻെറ മുഖത്തേക്കു നോക്കി. അവനൊന്നു ചിരിച്ചു. പൊല്ലത്തിൻെറ കനകച്ചെപ്പു തുറന്നുവെച്ചതുപോലെയുള്ള ഒരു ചിരി!

ലൂസി അവനെ സമീപിച്ചു. മററാരെങ്കിലും നോക്കുന്നുണ്ടോയെന്നവൾ നോക്കി.

'ജോസേ' അവൾ വിളിച്ചു. അവളാ രണ്ടുരൂപായുടെ നാണയങ്ങൾ അവൻെറനേരെ നീട്ടി. അവനൊന്നു പരുങ്ങി.

'വേണ്ടാ' പെട്ടെന്നു അവൻെറ തൊണ്ടയിൽനിന്നു പുറത്തുവന്ന സ്വരം.

'പിടിക്കു" ലൂസി വീണ്ടുംപറഞ്ഞു. അവൾ അപ്പോഴും ചുററും നോക്കുന്നുണ്ടായിരുന്നു.

ജോസ് അതു വാങ്ങി. അവനതു പോക്കററിലേക്കുനീട്ടി. 'ണിം' ആ നാണയങ്ങളും അവൻെറ കീശയിൽവീണു.

ജോസ് അവളെ നോക്കി; ലൂസി അവനേയും. കരുണാമസൃണമായ ഒരു പുഞ്ചിരി അവരുടെ അധരങ്ങളിൽ പടർന്നുയർന്നു.

# ആരുടെ നേതാവ്?

കിഴക്കെ ചക്രവാളത്തിൽ കാർമേഘങ്ങൾ ഇൻകപി ലാമ്പു വിളിക്കുകയാണ്. അങ്ങകലെ മാറി പൂത്തുനില്ക്കു ന്ന വാക അന്തരീക്ഷത്തിൽ ചെങ്കൊടി പിടിക്കുന്നു. അതിന്റെ ചുററും അണിനിരന്നിട്ടുള്ള തെങ്ങിൻതൈകൾ ചുറുചുറുപ്പുള്ള സന്നദ്ധഭടന്മാരെപ്പോലെ തലയുയർത്തി പ്പിടിച്ചങ്ങനെ നില്ക്കുകയാണ്. അസ്തമയാക്കൻ മങ്ങിവി ളറിയ ക്ഷയരോഗിയെപ്പോലെ പടിഞ്ഞാറെക്കടലിലേ ക്കു മറിച്ചുവീണു.

കൊച്ചുഗോവിന്ദൻ ആ ആലിന്റെ ചുവട്ടിലിരുന്നു ചിന്തിക്കുകയാണ്. അവനെന്നും അവിടെ വന്നിരിക്കാറു ണ്ട്. പക്ഷികൾ ചേക്കേറുമ്പോൾ, അടുത്തുള്ള പാടത്തുനി ന്നു പുലക്കള്ളികൾ പണികേറിപ്പോകുമ്പോൾ, അവനാ ആൽത്തറയിൽ ഏകനായിട്ടിരിക്കും. നിരവധി ചൂടുള്ള

ചിന്തകൾ അവന്റെ സ്മരണാമണ്ഡലത്തിൽകൂടി അപ്പോൾ കടന്നു പോകുന്നുണ്ടാകും. യാതൊരു ലക്ഷ്യം ലഗാനുമില്ലാത്ത അവന്റെ ജീവിതത്തെപ്പററി അവൻ അവിടെ സൈ്വര്യമായിരുന്നു ചിന്തിക്കും. ആകാശത്തിൽ നക്ഷത്രങ്ങൾ വന്നു മിന്നിത്തിളങ്ങുമ്പോൾ അവനവിടെനിന്നെഴുന്നേല്ക്കും. ഇനി എങ്ങോട്ട്? ആ ചോദ്യചിഹ്നംമാത്രം അപ്പോഴും അവന്റെ മുമ്പിൽ അവശേഷിക്കും.

ജീവിതത്തിൽ ഏററവും അധികം സന്തോഷിച്ച ആ ദിവസത്തെപ്പററി അവൻ ആലോചിക്കുകയാണ്. തന്റെ സമകാലീനർ—തന്നെക്കാൾ പ്രായം കൂടുതലുള്ളവർ—അവരെല്ലാവരും അവനെ ബഹുമാനിച്ച ആ സുദിനം! അവന്റെ പേര് നിറഞ്ഞിരിക്കുന്ന ആ സദസ്സിൽവെച്ച് ഉദ്ഘോഷിക്കപ്പെട്ടപ്പോൾ അവന്റെ ഹൃദയത്തിൽ ഓളം തല്ലിയ വികാരവിചാരങ്ങൾ! ഒരു നിമിഷത്തേയ്ക്കു കൊച്ചുഗോവിന്ദൻ അവനെത്തന്നെ മറന്നു. അവൻ ഏതോ സ്വർഗ്ഗലോകത്തു സഞ്ചരിക്കുന്നതുപോലെ അവനു തോന്നി.

അന്നുമുതൽ കൊച്ചുഗോവിന്ദൻ ഒരു നേതാവായതാണ്. നൂതനമായ ഒരു ജീവിതം അവനെ മാടിവിളിച്ചതുപോലെ അവനനുഭവപ്പെട്ടു. പക്ഷേ, ഇന്ന് എല്ലായിടത്തും നവീനത്വം! അതോർത്തപ്പോൾ അവൻ ഞെട്ടി. ആ യാഥാർത്ഥ്യത്തെ കടിച്ചിറക്കിക്കൊണ്ടാണ് അവനിന്നാ ആൽത്തറയിൽ വന്നിരിക്കുന്നത്. സ്നേഹത്തിനുവേണ്ടി പിടയ്ക്കുന്ന ഒരു ഹൃദയം അവന്റെ മുമ്പിൽ

ത്തുങ്ങുന്നതുപോലെ അവനു തോന്നി. ലോകം മുഴുവൻ നിർദ്ദയമാണ്—നിർദ്ദയതയും നിസ്സഹായതയും അവൻെറ ജീവിതത്തെ കത്രികയ്ക്കിട്ടു പൂട്ടിയപ്പോഠം അവനങ്ങനെയേ ചിന്തിക്കുന്നതിനു കഴിഞ്ഞുള്ളു. കൊച്ചുഗോവിന്ദൻ ചിന്തിച്ചു........കട്ടത്ത യാഥാർത്ഥ്യങ്ങളെ കടിച്ചിറക്കിക്കൊണ്ടു ചുഴിഞ്ഞു ചിന്തിച്ചു.

മീനമാസത്തിലെ ചുട്ടുപഴുത്ത വെയിലുള്ള ഒരു ദിവസമായിരുന്നു അത്. പാർട്ടിയാപ്പീസിൻെറ മുകളിൽ നിന്നു ഒരു ഉഴക്കൻ ചെങ്കൊടിയുമായി അവനന്നു ചുവട്ടുവെച്ചിറങ്ങിയതു ഇന്നും ഓക്കുന്നു. പത്തിരുന്നൂറു ചെറുപ്പക്കാർ ആ ആപ്പീസ്സിൻെറ താഴത്തു് അണിനിരന്നു നില്ക്കുന്നുണ്ടായിരുന്നു. കറുത്തിരുണ്ടു മെലിഞ്ഞ ശരീരങ്ങഠം! അദ്ധ്വാനത്തിൻെറ വിയപ്പുതുള്ളികഠം ആ തൊഴിലാളികളുടെ വിരിമാർവിൽ പരന്നിരുന്ന പാടു കാണാം. അവർ ആവേശഭരിതരായി മുദ്രാവാക്യങ്ങഠം മുഴക്കുന്നുണ്ടായിരുന്നു. കൊച്ചുഗോവിന്ദൻ ആ തൊഴിലാളി സഖാക്കളുടെ മുമ്പിലേയ്ക്കു നീങ്ങി. അവൻ അന്തരീക്ഷത്തിലേയ്ക്കു മുഷ്ടിയെറിഞ്ഞുകൊണ്ടു വിളിച്ചുപറഞ്ഞു: "ഇൻകിലാബ്—സിന്ദാബാദ്; കുടിയിറക്കു നിരോധിക്കണം." ആ തൊഴിലാളികഠം അതു് ആവത്തിച്ചു: "ഇൻകിലാബ്—സിന്ദാബാദ്; കുടിയിറക്കു നിരോധിക്കണം."

ആ ജാഥ മന്ദംമന്ദം മുന്നോട്ടു നീങ്ങി. നിരത്തിൻെറ ഇരുഭാഗത്തും നിന്നിരുന്ന ജനങ്ങഠം സകൌതുകം അവരുടെ ആ ഘോഷയാത്രയെ നോക്കി. ചില മുതലാളിമാർ പീടികമുറികളിലിരുന്നു മുരണ്ടു; ചില അരരസികന്മാർ

അവരുടെ ഉദ്യമത്തെ പരിഹസിച്ചു. അക്കൂട്ടർ വഴിവക്കിൽനിന്നു പൊട്ടിച്ചിരിക്കുകയും ചെയ്തു.

എങ്കിലും ആ തൊഴിലാളികൾ കൂസിയില്ല. അവർ കൊച്ചുഗോവിന്ദൻ വിളിച്ചുപറഞ്ഞതു് അതേപടി ആവർത്തിച്ചു. അവരെങ്ങനെ ആവർത്തിക്കാതിരിക്കും.? അവരുടെ സഹപ്രവർത്തകനായ മായനെയാണു മുതലാളി കുടിയിറക്കിയിരിക്കുന്നതു? അവർക്കു സഹിക്കുമോ? ഈ മൂരാച്ചിമുതലാളിമാർ നാളെ തങ്ങളോടും ഇതുതന്നെയല്ലേ ചെയ്യുക. "മൂരാച്ചിത്വം—അവസാനിപ്പിക്കും"—അവരാർത്തു.

ജാഥ രക്തസാക്ഷിനഗറിലെത്തി. ചെങ്കൊടികളും തോരണങ്ങളും തൂങ്ങുന്ന ആ പ്രസംഗപീഠത്തിൽ ഒന്നുരണ്ടു നേതാക്കന്മാർ സ്ഥലംപിടിച്ചിരുന്നു ജൂബ്ബയും ദോത്തിയും ധരിച്ച നേതാക്കന്മാർ.

യോഗം തുടങ്ങി. ജോസഫ് എന്നായിരുന്നു ആ സഖാവിൻെറ പേര്. മൂന്നിൽ കുറയാതെ ക്രിമിനൽ കേസുകളിൽ ആ സഖാവു് അന്നു പ്രതിയാണു്. അണ്ടർഗ്രൌണ്ടിൽ വളരെക്കാലം ആരുമറിയാതെ ജീവിച്ചിരുന്ന ആ അസാമാന്യമനുഷ്യൻ! കമ്മ്യൂ. പത്രങ്ങളിൽ ചരിത്രം സൃഷ്ടിച്ച ആ വീരപുരുഷൻ! അന്നാട്ടിലെ മുതലാളിവർഗ്ഗത്തിൻെറ മുമ്പനായ വർഗ്ഗീസുമുതലാളിയുടെ മൂത്തമകൻ! പാവപ്പെട്ട വർഗ്ഗത്തിനുവേണ്ടി ചോരയും നീരും പാഴാക്കിയിരിക്കുന്ന അദ്ദേഹമാണു പ്രസംഗിക്കുന്നതു്—മായനെ കുടിയിറക്കിയതിൽ പ്രതിഷേധിച്ച

കൊണ്ടു്! ഗംഭീരമായ പ്രസംഗം! അടുത്തുള്ള മരങ്ങളിലിരുന്ന പക്ഷികൾപോലും ആ പ്രതിഷേധപ്രസംഗധോരണി സഹിക്കവെയ്യാതെ ചിറകടിച്ചു പറന്നുപോയി. കൊച്ചുഗോവിന്ദൻ ഉള്ളുകൊണ്ടൊന്നു ചിരിച്ചു. ജോസഫ് മുതലാളിയെ എടുത്തു പൊന്തിക്കണമെന്നു അവനു തോന്നി അന്നത്തെ ആ രംഗം അങ്ങനെ അവസാനിക്കുകയും ചെയ്തു.

കൊച്ചുഗോവിന്ദന്റെ ജീവിതത്തിൽ അങ്ങനെ അനവധി സംഭവങ്ങളുണ്ടായിട്ടുണ്ടു്. പതിനാലു വയസ്സായപ്പോൾ അവൻ പൊതുജീവതത്തിലേയ്ക്കിറങ്ങിയതാണു്. വിശാലമായ ഈ ലോകത്തിലെ അനവധി സംഭവങ്ങൾ അവനെ ആകർഷിച്ചിട്ടുണ്ടു്; പലതായിട്ടും അവൻ ഇടപഴകിയിട്ടുണ്ടു്.

എങ്കിലും അവനു ജീവിതത്തിലൊരാനന്ദം തോന്നിത്തുടങ്ങിയതു് ആയിടെ മാത്രമാണു്. അവാച്യമായ ആഹ്ളാദത്തിന്റെ അലയടികൾ അവന്റെ ജീവിതത്തിൽ എമ്പാടും തിരയടിച്ചു. അവനെപ്പററി മററുള്ളവർ അഭിപ്രായങ്ങൾ പറയുന്നതു കേൾക്കുമ്പോൾ, പാർട്ടിസഖാക്കൾ വിവിധ പദവികൾകൊണ്ടു് അവനെ അലങ്കരിക്കുമ്പോൾ, അവൻ അതിരററഭിമാനിക്കാറുണ്ടു്; ഹൃദയം നിറഞ്ഞു സന്തോഷിക്കാറുണ്ടു്.

ദിവസങ്ങൾ നീങ്ങുകയായിരുന്നു. ആയിടെ കൊച്ചുഗോവിന്ദന്റെ ദിനപരിപാടികളിൽ കുറേയേറെ മാററങ്ങളെല്ലാം വന്നു. പുതുതായി അവിടെ തുടങ്ങിയ കയർതൊഴിലാളി യൂണിയന്റെ സെക്രട്ടറിയായതോടുകൂടി

കൊച്ചുഗോവിന്ദൻ പാർട്ടിയാപ്പീസിലെ സ്ഥിരം തസ്തിക ക്കാരനായിക്കഴിഞ്ഞു. കൊച്ചുഗോവിന്ദൻ ഒരു കയർ തൊഴിലാളിയാണ്. കാലത്ത് എട്ടുമണിക്ക് അവൻ പോകും, വൈകുന്നേരം തിരിച്ചുവരും. അതു കഴിഞ്ഞാൽ ആപ്പീസിൽ പോകണം. ആ രണ്ടുനിലക്കെട്ടിടത്തിന്റെ പടിഞ്ഞാറെ അരികത്തുള്ള ചെങ്കൊടി നാട്ടിയ മുറിയാണ് അവരുടേത്. അവരവിടെ സമ്മേളിക്കും; 'സുപ്രധാന'ങ്ങളായ പല കാര്യങ്ങളെപ്പററിയും ചിന്തിക്കും. സംഭാവന പിരിവും വരിസംഖ്യ സമ്പൂലാക്കലും ശരിക്കു നടന്നുപോകുകയും ചെയ്യും.

അങ്ങനെയിരിക്കെയാണ് കയർക്കമ്പെനിയിൽ ഒരു പണിമുടക്കുണ്ടായത്. ആ പണിമുടക്കിന്റെ കാരണം ചോദിച്ചാൽ കൊച്ചുഗോവിന്ദനും അറിഞ്ഞുകൂടാ. അവനും അവിടത്തെ ഒരു തൊഴിലാളിയാണ്. സഖാവു ജോസഫ് മുതലാളി പറഞ്ഞു അവനും കൂട്ടരും പണിമുടക്കണമെന്ന്. അവർ പണി മുടക്കുകയും ചെയ്തു; അത്രമാത്രം. പണിമുടക്കിന്റെ വിജയകരമായ വാരംഞ്ങൾ തന്നെ അവരാഘോഷിച്ചു. എന്തിന്? അവരുടെ 'അവകാശങ്ങൾ' പിടിച്ചുവാങ്ങാൻ!

കുഴപ്പമുണ്ടായി കാണാൻ കാത്തുനിന്ന മുതലാളി കമ്പനി പൂട്ടിയതോടുകൂടി പണിമുടക്കും പുതിയൊരു പതനത്തിലേയ്ക്കു് എത്തിച്ചേർന്നു. സത്യാഗ്രഹവും പിക്കററിംഗും തുടങ്ങി. 'പൂട്ടിയ കമ്പനി—തുറപ്പിക്കണം, 'മരണംവരെ—സമരം ചെയ്യും' കൊച്ചുഗോവിന്ദൻ സത്യാഗ്രഹികളിൽ ആവേശം കുത്തിവെച്ചുകൊണ്ടു് അന്നു

വിളിച്ചതാണ്. അവർ അതേററുപാടി.

കൊച്ചുഗോവിന്ദൻെറ പേര് ദിനപ്പത്രങ്ങളിൽവന്നു. ധീരോദാത്തനായ ഒരു സമരനേതാവായും ഊർജ്ജസ്വലനായ ഒരു പ്രവർത്തകനായും ഭാവനതിൽ ചിത്രീകരിക്കപ്പെട്ടിരുന്നു. ആ പണിമുടക്കുവിജയംതന്നെ കൊച്ചുഗോവിന്ദനെ ആശ്രയിച്ചു നിന്നിരുന്നുവെന്നു തോന്നും ആ റിപ്പോർട്ടുകൾ വായിച്ചാൽ.

ദിവസങ്ങൾ ചിലതു പിന്നേയും നീങ്ങി. അന്നൊരു ദിവസം ജോസഫ് മുതലാളി പറഞ്ഞു: "കൊച്ചുഗോവിന്ദാ, ഇനി സത്യാഗ്രഹം പിൻവലിക്കാം." കൊച്ചുഗോവിന്ദൻ ഒന്നു മൂളി. തിരുവായ്ക്കെതിർവായില്ല. അവൻ സമ്മതിച്ചു. സമ്മതിക്കാതെന്തുചെയ്യും?

ആ ജനുവരിമാസം അവസാനത്തോടുകൂടി എട്ടാമത്തെ വർഷമാണ് കൊച്ചുഗോവിന്ദൻ അവിടെ പണിയെടുക്കുന്നത്. നീണ്ട എട്ടു സംവത്സരങ്ങൾ ആ കമ്പനിയിലെ യന്ത്രത്തോടൊപ്പം കൊച്ചുഗോവിന്ദൻെറ ഉദ്യോഗജീവിതവും തിരിഞ്ഞുകൊണ്ടിരുന്നു. സഖാക്കളോയിട്ടു കുശലാളുകയും അവരെ സല്ക്കരിക്കുകയും ചെയ്തതൊഴിച്ചാൽ ഈ എട്ടുകൊല്ലത്തേയും അവൻെറ ജീവിതത്തിൽ യാതൊരു നേട്ടവുമില്ല.

രണ്ടുകൊല്ലം മുമ്പാണതു നടന്നത്. കൊച്ചുഗോവിന്ദനും ചിരുതയുമായിട്ടുള്ള വിവാഹം. ആ ഫാക്ടറിയിലേ യന്ത്രമുറിയിൽ അവൻ ചിരുതയെ കണ്ടുമുട്ടി. തന്നോടൊപ്പം വിയർത്തു പണിയെടുക്കുന്ന ഒരു കൊച്ചുമിടുക്കി—അങ്ങനെയാണ് കൊച്ചുഗോവിന്ദൻ ആദ്യം അവളെപ്പററി

മനസ്സിലാക്കിയതു്. കൊച്ചുഗോവിന്ദൻ തിരിയുന്ന ആ ചക്രങ്ങളുടെ അരികത്തു നില്ക്കുമ്പോൾ ചിരുത തലയിൽ കൊട്ടയുമായി അതിലേ കടന്നുപോകും. അവർ തമ്മിൽ തമ്മിൽ സൈ്വര്യമായി സംസാരിക്കാൻ ഫാക്ടറി നിയമങ്ങൾ അനുവദിക്കുകയില്ല. ക്രുദ്ധനായ മുതലാളിയുടെ ഉരുണ്ട കണ്ണുകൾ അവരുടെമേൽ വീഴും. എങ്കിലും അവർ സംസാരിക്കും; അവരുടെ കണ്ണുകൾ തമ്മിൽത്തമ്മിൽ സംസാരിക്കും. ആ ഫാക്ടറിയുടെ അപ്പുറത്തുള്ള പാടം കയറിച്ചെല്ലുന്നിടത്താണു് ചിരുതയുടെ വീടു്. അവളുടെ അമ്മയുടെ ഏക സന്താനമായിരുന്നു അവൾ. സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളോടെതിരിട്ടുകൊണ്ടു് അമ്മയും മകളും അവിടങ്ങനെ ജീവിക്കുകയാണു്. പരിതസ്ഥിതികളുടെ കൂർത്തുമൂർത്ത ദംഷ്ട്രങ്ങൾ ആ കൊച്ചു കുടുംബത്തെ കുത്തിപ്പിളരാനടുക്കുമ്പോൾ അതിനോടു മല്ലടിച്ചുകൊണ്ടു് അവരങ്ങിനെ ജീവിക്കും. അവർ സാധുക്കളാണു്. പക്ഷേ, അവർ സാധുക്കളായി ജനിച്ചവരല്ല. അയലത്തെ മുതലാളിമാരെപ്പോലെത്തന്നെയാണു് അവരും ജനിച്ചതു്. മുതലാളിയുടെ മക്കൾ മൂന്നുനേരവും ഉണ്ടുസുഖിച്ചു മദിച്ചുല്ലസിച്ചു ജീവിക്കുമ്പോൾ, ചിരുതയും അവളുടെ അമ്മയും മുഴുപട്ടിണിയിലായിരിക്കും. അയലത്തെ തമ്പ്രാൻെറ വീട്ടിൽ അടുക്കളവേലയായിരുന്നു ചിരുതയ്ക്കാദ്യം ജോലി. ക്രമേണ അവൾ വലുതായി. അവളുടെ ആകൃതിയിലും പ്രകൃതിയിലും വന്ന വ്യത്യാസം ഒരു പുതിയ ജീവിതത്തെ വിളിച്ചറിയിച്ചു. അതേ, അവളിന്നൊരു യുവതിയാണു്.

മുതലാളിയുടെ വീട്ടിൽ അടുക്കളവേലയ്ക്കു പോകാൻ അവൾക്കിന്നൊരു മടി. "ആ മുതലാളിയുടെ മകൻ......?" അമ്മ കാരണം ചോദിച്ചപ്പോൾ അവൾ മുഴുമിക്കാതെ മറുപടി പറഞ്ഞു. പട്ടിണിയായാലും കഷ്ടതയായാലും അഭിമാനം പണയം വെയ്ക്കാൻ അവൾക്കു കഴിഞ്ഞില്ല. അങ്ങനെ ചിരുത അവിടത്തെ ജോലി ഉപേക്ഷിച്ചു വീട്ടിലേയ്ക്കു പോന്നു.

ആ കയർകമ്പനിയിലെ യന്ത്രത്തിൻെറ സ്വരം കേട്ടുകൊണ്ടാണു് അവരെന്നും എഴുന്നേല്ക്കുക. ഒരു ജോലിക്കു വേണ്ടി അവിടത്തെ മുതലാളിയെ സമീപിക്കാൻ ചിരുത തീരുമാനിച്ചു. ജീവിക്കാൻവേണ്ടി അവളങ്ങനെ ചെയ്യുകയും ചെയ്തു. അങ്ങനെ ചിരുത ആ കമ്പനിയിലെ ഒരു തൊഴിലാളിയായി മാറി. ബുദ്ധിമുട്ടിയാലും അഭിമാനം പണയം വെയ്ക്കേണ്ടല്ലോ എന്നോർത്തപ്പോൾ അവൾക്കു സമാധാനമാണുണ്ടായതു്!

കൊച്ചുഗോവിന്ദനും ചിരുതയും തമ്മിൽ എന്നും കണ്ടുമുട്ടും. ചിരുതയുടെ നീലനയനങ്ങളിൽ തിങ്ങിനില്ക്കുന്ന സൌന്ദര്യം കൊച്ചുഗോവിന്ദനെ ആകർഷിച്ചു. അവളുടെ നുണക്കുഴികളിൽ ചൂടുള്ള ചുംബനമർപ്പിക്കാൻ അവനിഷ്ടംതോന്നി. വൈകാരികമായ ആ വാസനയ്ക്കു പ്രേമമെന്നാണു പേരെങ്കിൽ അതൊരു പ്രേമംതന്നെയായിരുന്നു. അങ്ങനെ രണ്ടു ഹൃദയങ്ങൾ തമ്മിൽ ഏററുമുട്ടി.

കൊച്ചുഗോവിന്ദനു ചിരുതയോടു സംസാരിക്കാൻ കൌതുകംതോന്നി. അവൾക്കുമങ്ങനെതന്നെ. ഒഴിവുള്ളപ്പോൾ —തരംകിട്ടുമ്പോൾ അവർ സംസാരിക്കുകയും ചെയ്യും. മേടമാസത്തിലെ വിഷുവാണന്നു്. ചിരുത കൊച്ചു

ഗോവിന്ദനെ അവളുടെ വീട്ടിലേയ്ക്കു ക്ഷണിച്ചു. അവറം കതിൽ എന്തെങ്കിലും ഉദ്ദേശമുണ്ടായിരുന്നോ ആവോ? കൊച്ചുഗോവിന്ദൻ ചിരുതയുടെ വീട്ടിൽചെന്നു. ചിരുത ഒരു പാത്രത്തിൽ കുറെ കാപ്പിയും പലഹാരങ്ങളുമായി അവനെ കാത്തിരിക്കുന്നുണ്ടായിരുന്നു. അവർ ഇരുവരും കാപ്പികുടിച്ചു.

അടുത്ത ആഴ്ചയിൽ ചിരുതയുടേയും കൊച്ചുഗോവിന്ദൻെറയും കല്യാണമായിരുന്നു. പാർട്ടിയാപ്പീസിൽവെച്ചാണ് അതു നടന്നതു്. കൊച്ചുഗോവിന്ദൻ ഒരു പാർട്ടി മെമ്പറായിരുന്നു. ചിരുതയുടെ അമ്മയ്ക്കു് ഒന്നുമാത്രമറിയാം: തൻെറ മകളുടെ ഭർത്താവു് ഒരു 'നേതാവാ'. ആ സ്ത്രീഅതിൽ സന്തോഷിക്കയും ചെയ്തു.

അങ്ങനെയാണു കൊച്ചുഗോവിന്ദൻെറ വിവാഹം നടന്നതു്. ഇന്നു രണ്ടു മക്കളുടെ പിതാവാണവൻ. ഒരു നാലംഗങ്ങളുള്ള കുടുംബത്തിൻെറ നായകൻ. കൊച്ചുഗോവിന്ദൻ പണിമുടക്കിനു പോകുന്നുവെന്നു കേട്ടപ്പോറം ചിരുതയ്ക്കു സങ്കടമാണുണ്ടായതു്. അവറം കഴിയുന്നതും അവനെ തടയാൻ നോക്കി. 'പണിമുടക്കും ഇങ്കലാബും ഒന്നുംവേണ്ട'— അതാണു് ചിരുതയുടെ മതം. അവറംക്കിസ്ട്രൈക്കിലും മററും അത്ര വിശ്വാസമില്ല. പക്ഷേ, 'വർഗ്ഗബോധമുള്ള' തൊഴിലാളിയാണു് കൊച്ചുഗോവിന്ദൻ. 'മൗലികാവകാശ'ത്തിനുവേണ്ടിയുള്ള സമരമാണു്. അവൻ പിൻവലിയുമോ? പോരെങ്കിൽ കയർത്തൊഴിലാളിയൂണിയൻെറ നേതാവു് സഖാവു ജോസഫ് മുതലാളിയുടെ കല്പന!

ചിരുതയും കുട്ടികളും പട്ടിണിയുടെ 'മഹത്തായ' വാരങ്ങൾ ആഘോഷിച്ചപ്പോൾ പണിമുടക്കു സൂത്രധാരകൻ ജോസഫ് മുതലാളി വീട്ടിലിരുന്നു സുഖിക്കുകയാണ്. ജോസഫ് മുതലാളിയുടെ അപ്പൻെറ പറമ്പിലാണു ചിരുതയും കൊച്ചുഗോവിന്ദനും താമസം. ചിരുതയും കൊച്ചുഗോവിന്ദനും ഉൾപ്പെട്ടിരുന്ന കയർത്തൊഴിലാളിസമൂഹത്തെ സംബോധനചെയ്തുകൊണ്ടു ജോസഫ് മുതലാളി പലപ്പോഴും സമത്വം പ്രസംഗിച്ചിട്ടുണ്ട്. മുതലാളിയുടെ പ്രസംഗത്തിലും പ്രവൃത്തിയിലുമുള്ള ആ വൈരുദ്ധ്യം എത്ര ആലോചിച്ചിട്ടും ചിരുതയ്ക്കു പിടികിട്ടിയില്ല.

പണിമുടക്കിൻെറ പതിനഞ്ചാം ദിവസം രാത്രി വെറുംകയ്യുമായി വീട്ടിലേക്കു കയറിവന്ന കൊച്ചുഗോവിന്ദനെ നോക്കിക്കൊണ്ടു ചിരുത പറഞ്ഞു: "പണിമുടക്കി കഷ്ടപ്പെടുന്നതു് നമ്മളാ. ജോസഫ് മൊതലാളി സുഖിക്ക്യാ." ആ അടുപ്പിൽ തീപ്പുക കണ്ടിട്ടു ദിവസങ്ങൾ രണ്ടു കഴിഞ്ഞിരുന്നു.

"കെരിങ്കാലി!" കൊച്ചുഗോവിന്ദനു സഹിച്ചില്ല! അവൻ അവളെ അത്ര പരുഷമായി ഇതുവരെ വിളിച്ചിട്ടില്ല. എങ്കിലും അവൻെറ ആത്മാഭിമാനത്തെ സ്പർശിച്ച ആ പ്രസ്താവം കേട്ടപ്പോൾ അവന് അതിലും പരുഷമായി അവളെ വിളിക്കണമെന്നു തോന്നി.

പരാജയത്തിൻെറ പച്ചക്കൊടി പറപ്പിച്ചുകൊണ്ടു പണിമുടക്കുസമരം പര്യവസാനിച്ചു. കൊച്ചുഗോവിന്ദനും കൂട്ടുകാരും തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടു തെരുവീഥിയിലേയ്ക്കിറങ്ങി. പണിമുടക്കിൻെറ പേരിൽ ബോംബെയിൽ

നിന്നും ഹൈദ്രബാദിൽനിന്നും വന്ന സംഭാവനകൾ നേതാക്കന്മാർ പകുത്തെടുത്തു.

കള്ളക്കർക്കിടകം അംബരപ്പരപ്പിൽ കരിങ്കൊടി പിടിച്ചുകൊണ്ടാഗതമായി പുറത്തിറങ്ങാൻ വയ്യാത്ത മഴ. പതച്ചൊഴുകുന്ന കൈച്ചാലുകൾ കൊച്ചുഗോവിന്ദനെ പരിഹസിച്ചുകൊണ്ടു പൊട്ടിച്ചിരിച്ചു.

“അമ്മേ, വിശ്ക്ക്ണ്” വിശപ്പുകൊണ്ടു മയങ്ങിക്കിടന്നിരുന്ന ആ കുട്ടി എഴുന്നേററു വീണ്ടും കരയാൻ തുടങ്ങി. ചിരുതയുടെ കണ്ണിൽനിന്നു ഒന്നുരണ്ടു കണ്ണീർക്കണങ്ങൾ ആ കീറപ്പായിൽ വീണു. അവളാകുഞ്ഞിനെ വാരിയെടുത്തു മാറോടണച്ചു. അപ്പുറത്തെ ആ തിണ്ണയിൽ മുഖത്താകെ രോമംനിരഞ്ഞു്, അസ്ഥിമാത്രമായ ഒരു വികൃതരൂപം കിടപ്പുണ്ടു്. ആകാശത്തോടു മുഷ്ടിചുരുട്ടിയിരുന്ന അവനു് അവിടെനിന്നു് എഴുന്നേല്ക്കാൻപോലും ശേഷിയില്ല! അങ്ങാടിയിൽ പോയി ആരേയെങ്കിലും കണ്ടു എന്തെങ്കിലും വാങ്ങിക്കാമെന്നു് ആശയുണ്ടു്! പക്ഷേ, ധാരമുറിയാത്ത മഴയല്ലേ!

“എത്ര ദിവസം നമ്മളിങ്ങനെ പട്ടിണികിടക്കും? നമ്മുടെ നേതാവിനെ....” നെടുനിശ്വാസങ്ങൾക്കിടയിൽ പുറത്തുവന്ന ചില വാക്കുകൾ! അതു ചിരുതയുടേതായിരുന്നു!

മൂകമായ നിമിഷങ്ങൾ ചിലതു നീങ്ങി. അപ്പോഴും മഴ തല്ലിത്തൊഴിച്ചു പെയ്യുന്നുണ്ടായിരുന്നു. ഇടക്കിടയ്ക്കു് ദൂരെയുള്ള പനയിൽനിന്നു് ഒരു മൂങ്ങാ ഭയാനകമായി മൂളുന്നുണ്ടായിരുന്നു.

ദൂരത്തുനിന്നു് ഒരു മനുഷ്യരൂപം കൊച്ചുഗോവിന്ദന്റെ കൊച്ചുവീടിനെ ലക്ഷ്യമാക്കി നടന്നുവരുന്നു. സഖാക്കളാരെങ്കിലുമായിരിക്കും—അവൻ വിചാരിച്ചു; അവനു സമാധാനമായി. ആ മനുഷ്യരൂപം അടുത്തുവന്നു. അവൻ നോക്കി—പോസ്റ്റ് പ്യൂൺ നാരായണപ്പിള്ള. നാരായണപ്പിള്ളയെ അവനറിയും. അനവധി എഴുത്തുകൾ നാരായണപ്പിള്ള അവനു കൊടുത്തിട്ടുണ്ടു്. പാർട്ടിയാപ്പീസിലേയ്ക്കുള്ള എഴുത്തുകൾ എല്ലാം നാരായണപ്പിള്ളയാണു കൊണ്ടുവരാറു്. സഹജമായ പുഞ്ചിരിയോടെ നാരായണപ്പിള്ള കൊച്ചുഗോവിന്ദനെ സമീപിച്ചു. അവനായെഴുത്തു നാരായണപ്പിള്ളയിൽ നിന്നും വാങ്ങി പൊട്ടിച്ചു. രണ്ടു കുത്ത്നയനങ്ങൾ ആ എഴുത്തിനുള്ളിലേയ്ക്കു പാഞ്ഞു ചെന്നു. കൊച്ചുഗോവിന്ദനതു വായിച്ചുതീർന്നു. അവനു സഹിച്ചില്ല! അവൻ അതൊരിക്കലും പ്രതീക്ഷിക്കാത്തതായിരുന്നു. വീണ്ടും അവനതു വായിച്ചു. അതേ, ആദ്യം മനസ്സിലായ ആശയങ്ങൾ തന്നെ! അവന്റെ കണ്ണിൽനിന്നു കണ്ണുനീർ പൊടിഞ്ഞു. എന്തു്? വർഗ്ഗീസു മുതലാളി ഇങ്ങനെ പറയുമോ?

ജോലി ഉണ്ടായിട്ടു നാളെത്രയായി? കമ്പനി പൂട്ടിയതും തൊഴിലില്ലാതായതും എല്ലാം അദ്ദേഹത്തിനറിഞ്ഞുകൂടെ? എന്നിട്ടും വർഗ്ഗീസു മുതലാളി ഇങ്ങനെ പറയുമോ? എത്ര ആലോചിച്ചിട്ടും അവനതു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഏതായാലും ഇനി എന്തുചെയ്യും?

അല്പനേരത്തേയ്ക്കു മഴയൊന്നു ശമിച്ചു. കൊച്ചുഗോവിന്ദൻ ഒരു കണക്കിനു പുറത്തിറങ്ങി. അടുത്തുള്ള ചാ

ലിൽക്കൂടി ചെളിവെള്ളം അപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നു. ആ കാണുന്ന വലിയ തോട്ട നീന്തിക്കടന്നിട്ടു വേണം വർഗ്ഗീസു മുതലാളിയുടെ വീട്ടിലെത്താൻ. ഏതായാലും മുതലാളിയുടെ മുമ്പിൽ ചെന്നു മാപ്പിരക്കുകതന്നെ! അദ്ദേഹത്തിന്റെ പ്രതികാരാഗ്നിയുടെ മുമ്പിൽ അവന്റെ കുടുംബം വെന്തെരിയുന്നതിനുമുമ്പ്!

കൊച്ചുഗോവിന്ദൻ നടന്നു. അടുത്തുള്ള മരങ്ങളിൽ നിന്നു വെള്ളത്തുള്ളികൾ അവന്റെ തലയിൽ വീണു. അവൻ തോട്ടുവക്കത്തെത്തി. തോട്ടിൽ നല്ല ഒഴുക്കുണ്ട്. വിരൽ വെച്ചാൽ അററുപോകുന്ന ഒഴുക്ക്!

കൊച്ചുഗോവിന്ദനു തോട്ടിലേക്കു ഇറങ്ങാൻ പേടി തോന്നി. പാലത്തിലെത്തണമെങ്കിൽ തികച്ചും അരനാഴിക ഇനിയും നടക്കണം. കൊച്ചുഗോവിന്ദൻ അങ്ങോട്ടു നടന്നു.

മുതലാളി മണിമേടയിലിരുന്നു. "സൊള്ളുക"യായിരുന്നു. കൊച്ചുഗോവിന്ദൻ താഴത്തു വന്നുനിന്നു—സർക്കസ്സുകാരന്റെ മുമ്പിൽ നടയൊതുക്കിനില്ക്കുന്ന സിംഹത്തെപ്പോലെ. നീണ്ട നിമിഷങ്ങൾ കുറെ കടന്നുപോയി. അവൻ ആ ഉമ്മറത്തിരുന്നു. ഒടുവിൽ മുതലാളി താഴത്തേക്കിറങ്ങി. കൊച്ചുഗോവിന്ദൻ ആദരപൂർവ്വം എഴുന്നേററുനിന്നു.

"എന്താ കൊച്ചുഗോവിന്ദാ, വാടക കൊണ്ടുവന്നിട്ടില്ലേ?" മുതലാളിയുടെ സ്വരം.

"ഇല്ല" കൊച്ചുഗോവിന്ദൻ വിനയസമേതം പ്രതിവചിച്ചു.

"തന്തയുടെവക സ്ഥലമല്ലെന്നറിഞ്ഞുകൂടേ? വാടക കൊണ്ടുവന്നിട്ടില്ലെങ്കിൽ കുടിയിറങ്ങിക്കോ. ഒഴികഴിവൊന്നും എന്റെ അരികത്തു വേണ്ട."

"മുതലാളി അങ്ങനെ പറയരുത്; രണ്ടു ദിവസമായി കഞ്ഞികുടിച്ചിട്ട്."

"ഇനി നിന്റെ കുടുംബവുംകൂടി ഞാൻ പുലർത്തണോ?" മുതലാളി അട്ടഹസിച്ചു. കൊച്ചുഗോവിന്ദൻ നിശ്ശബ്ദനായി. കുറെ കഴിഞ്ഞു വീണ്ടും അവൻ പറഞ്ഞു: "എനിക്കൊരു ജോലി കിട്ടിയാൽ ഉടനെത്തന്നെ തീർത്തുതന്നേക്കാം. എന്നെക്കൊണ്ടു നിവൃത്തിയില്ലാതെയാണ്." കരളലിയുന്ന ശബ്ദം. പക്ഷേ, ആ ക്രൂരനായ മുതലാളിയുടെ അരികത്തു മാത്രം അതു വിലപോയില്ല. അയാൾ വീണ്ടും അലറി: "നിന്റെ വെളവൊക്കെ കളഞ്ഞു വാടക തീർക്കെടാ. വേറൊന്നും പറയേണ്ട." അയാൾ അവിടെനിന്നുപോയി. കൊച്ചുഗോവിന്ദൻ സ്തബ്ധനായി അവിടെത്തന്നെ നിന്നു. ഒരു നിമിഷനേരത്തേയ്ക്ക് എന്താണ് ചെയ്യേണ്ടതെന്നുതന്നെ അവനു് അറിഞ്ഞുകൂടായിരുന്നു!

ജോസഫ് മുതലാളി...കൊച്ചുഗോവിന്ദന്റെ ഹൃദയത്തിൽ ഒരു വെള്ളിനക്ഷത്രം ഉദിച്ചുയന്നു. ആ രജതരേഖയുടെ നിലാവൊളിയിൽ തമോനിബിഡമായിരുന്ന

അവൻെറ ഹൃദയം അല്പനേരത്തേയ്ക്കു പ്രകാശിച്ചു. സഖാവ് ജോസഫ് മുതലാളിയുടെ വരവും കാത്തു കൊച്ചുഗോവിന്ദൻ അവിടെത്തന്നെയിരുന്നു. പതിനഞ്ചു രൂപാ! മൂന്നുമാസത്തെ വീട്ടുവാടക! മുതലാളിയുടെ പ്രീതി! പട്ടിണി കിടക്കുന്ന കുട്ടികൾ! വയറൊട്ടിയ ഭാര്യ!! നിരവധി ചിത്രങ്ങൾ ഗോവിന്ദൻെറ മുമ്പിലൂടെ കടന്നുപോയി.

പ്രതീക്ഷയിൽ പൊതിഞ്ഞ നിമിഷങ്ങൾ പത്തുപതിനഞ്ചു വീണ്ടും കടന്നുപോയി. ജോസഫ് മുതലാളി വന്നു. കൊച്ചുഗോവിന്ദൻ ഒന്നു ചിരിച്ചു.

"എന്താ സഖാവേ" ജോസഫ് ചോദിച്ചു. കൊച്ചുഗോവിന്ദൻ വിവരം പറഞ്ഞു. അവൻെറ ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു! ആ നേതാവിൻെറ മുമ്പിൽ അവൻ ശ്വാസമടക്കിനിന്നു. നേതാവു പറഞ്ഞു: "ഞാൻ എന്തു ചെയ്യും കൊച്ചുഗോവിന്ദാ? ഈ വ്യവസ്ഥിതി മാറണം. ഇതു മാററിയെ മതിയാകൂ."

കൊച്ചുഗോവിന്ദനു കിട്ടിയ മറുപടി! അവൻെറ അടിവയറു കത്തി. അവൻ പറഞ്ഞു: "മുതലാളി, താങ്കൾ പറഞ്ഞിട്ടു ഞങ്ങൾ പണിമുടക്കി. ഇന്നു ഞങ്ങൾക്കു തൊഴിലില്ല. ഞങ്ങളുടെ കുടുംബം പട്ടിണിയിലായി. ഇന്നിതാ വാടകബാക്കിയുടെ പേരിൽ താങ്കളുടെ പിതാവു ഞങ്ങളെ കുടിയിറക്കാനും പോകുന്നു. ഞങ്ങൾ എന്തു ചെയ്യണം?"

"ഞാൻ എന്തു ചെയ്യണം?" ജോസഫ് ഇങ്ങോട്ടും ചോദിച്ചു!

ആഴ്ചയൊന്നു ഇഴഞ്ഞുനീങ്ങി. മുതലാളിത്വത്തിൻെറ മുരടിച്ച നീതി മുട്ടിട്ടു നിർത്തിയിരുന്ന ദിവസങ്ങൾ! അതും അവസാനിച്ചു. കൊച്ചുഗോവിന്ദൻ കുടിയിറങ്ങേണ്ട ദിവസമാണെന്നു്!

നേരം വെളുത്തില്ല. കാക്കകൾ പരുഷമായി കരയുന്നുണ്ടു്. കാർമേഘക്കിടാങ്ങൾ ആകാശപ്പരപ്പിൽ ഇടി കൂട്ടുന്നു.

പടിഞ്ഞാറുനിന്നു് ഒരു കൊച്ചുകാററു് അലച്ചലച്ചു വന്നപ്പോൾ കൊച്ചുഗോവിന്ദനും ചിരുതയും രണ്ടു കുട്ടികളും ആ വീടുവിട്ടിറങ്ങി.



# അവൻ കമ്മ്യൂണിസ്റ്റാ....

ബാലഭാസ്കരൻ പൂർവ്വചക്രവാളത്തിൽ സ്വർണ്ണാഭ വിതറിക്കൊണ്ടാഗതനായി. അടുത്തുള്ള താമരപ്പൊയ്കയിൽനിന്നു ജലകണങ്ങളും വഹിച്ചുകൊണ്ടുവരുന്ന കൊച്ചു കാററ് തരുനികരങ്ങളെ തഴുകിത്തലോടിക്കൊണ്ടു കടന്നു പോകുകയായിരുന്നു. വസന്തലക്ഷ്മിയുടെ ലീലാവിലാസത്തിന് അണിഞ്ഞൊരുങ്ങി നില്ക്കുകയാണാഗ്രാമപ്രദേശം. കട്ടപിടിച്ചു വളരുന്ന ആ കാട്ടുചെടികൾക്കിടയിൽ കണ്ണുതുറന്നുനില്ക്കുന്ന ആ പുഷ്പങ്ങൾ ഗ്രാമാന്തരാളത്തിന്റെ മനോഹാരിതയ്ക്കു മാററുകൂട്ടുന്നു. തഴച്ചു വളരുന്ന ആ നെൽച്ചെടികൾക്കിടയിലൂടെ പൌലോസു മന്ദമന്ദം നീണ്ടുകയാണ്. കതിർക്കററകളുംകൊത്തി ചുററുമുള്ള വൃക്ഷങ്ങളിന്മേൽ ഇരുന്നുകൊണ്ടു പക്ഷിജാലങ്ങൾ

മധുരമനോഹരമായ സംഗീതങ്ങൾ ആലപിക്കുമ്പോൾ ഒരു ചൂളംവിളിയുമായി പൌലോസ് ആ വിസ്തൃതമായ നെൽവയലിലൂടെ മുന്നോട്ടു നീങ്ങും.

ആ പാടം കയറിച്ചെല്ലുന്ന ചെങ്കൽപ്പാതയിൽക്കൂടി ഏതാണ്ട് ഒന്നൊന്നരനാഴിക നടക്കണം ആ പട്ടണത്തിലേയ്ക്കു്. പൌലോസ് ജോലിചെയ്യുന്ന പീടിക അവിടെയാണു്. മുതലാളിയുടെ മുഖം കറുക്കുന്നതിനുമുമ്പു് അവന് അവിടെ ചെല്ലണം. അതിന് അവൻ ആഞ്ഞു നടക്കുകയാണു്.

പ്രഭാതതാരം ആകാശപ്പരപ്പിൽ വന്നെത്തിനോക്കിയപ്പോൾ പൌലോസ് എഴുന്നേററതാണ്. എന്നും അങ്ങനെതന്നെയാണു് അവൻെറ ദിനചര്യ. മണി ഏഴടിക്കുന്നതോടുകൂടി അവൻ പീടികയിലെത്തും. ഏതെങ്കിലും ചില ദിവസങ്ങളിൽ അല്പംനേരം വൈകിയാൽ മുതലാളിയുടെ ആ കറുത്തമുഖം വീണ്ടും കറുക്കുന്നതു് അവൻ കണ്ടിട്ടുണ്ട്. ആ ഉരുണ്ട കണ്ണുകൾ എപ്പോഴും അവൻെറ കൺമുമ്പിൽ നില്ക്കുന്നതുപോലെ തോന്നും.

പൌലോസ് എത്രനാളായി ആ പീടികയിൽ ജോലിചെയ്തുതുടങ്ങിയിട്ടു് എന്നു് ആർക്കുമറിഞ്ഞുകൂടാ. വളരെ ചെറുപ്പത്തിൽതന്നെ അവൻെറ ജീവിതം ആ പീടികയുമായി ഇഴുകിച്ചേർന്നിരുന്നു. മുതലാളിക്കു വിഷമം വരാതെ ജോലിയെടുക്കുക. അതാണു പൌലോസിൻെറ മുദ്രാവാക്യം. മററുള്ള തൊഴിലാളികൾ യൂണിയൻ കൂടുമ്പോഴും

പ്രമേയങ്ങൾ പാസ്സാക്കുമ്പോഴും പൌലോസ് അതിനൊന്നുമില്ല. ഞാൻ പണിയെടുക്കുന്നതു മുതലാളിക്ക് അറിഞ്ഞുകൂടെ? അതായിരുന്നു അവൻെറ ചോദ്യം. അതുകൊണ്ടു് യൂണിയനും വേണ്ട, ഇങ്കുലാബും വേണ്ട. മുതലാളി തരുന്നതു വാങ്ങിക്കുക. അദ്ദേഹത്തിനുമില്ലേ ആൺകുട്ടികൾ? ആ ശുദ്ധഹൃദയൻ ചിന്തിച്ചു.

ബാല്യകാലത്തിൻെറ മലർവാടിയിൽ അവൻ തത്തിക്കളിച്ചിരുന്ന കാലം അവനു് ഓർമ്മവന്നു. സഹപാഠികളൊരുമിച്ചു സ്കൂളിലേയ്ക്കു് ഓടിയിരുന്നതും അവിടത്തെ തെങ്ങുംകുഴിയിൽ കടലാസുവഞ്ചിയിട്ടു കളിച്ചതും മറവുമായ രംഗങ്ങൾ അവൻെറ മനസ്സിലുണ്ടു്. ഇന്നത്തെ ഈ കടുത്ത അദ്ധ്വാനവും അന്നത്തെ സുഖസമ്പൂർണ്ണമായ ജീവിതവുമായിട്ടു് അവൻ ചിലപ്പോൾ താരതമ്യപ്പെടുത്തി നോക്കും. അനേകം മധുരസ്മരണകൾ അന്നേരമെല്ലാം അവൻെറ ഹൃദയത്തിൽ കിക്കിളിയുണ്ടാക്കി കടന്നുപോകും. ആ മധുരസ്മരണകളുടെ മാദകലഹരിയിൽ അവനു വിലയംകൊള്ളണമെന്നുതോന്നും. അതാ അപ്പോഴേയ്ക്കും കേൾക്കും മുതലാളിയുടെ ആജ്ഞ. അവനുപിന്നെ ഇടവും വലവും നോട്ടമില്ല. അദ്ധ്വാനത്തിൻെറ ആഴത്തിലേയ്ക്കു് അവൻെറ ഹൃദയം ഊന്നുപോകും.

രണ്ടുറുപ്പിക ശമ്പളത്തിനാണു പൌലോസ് ആ പീടികയിൽ ആദ്യമായിട്ടു ജോലിനോക്കിയതു്. അതു

ഏതാണ്ടു പത്തുപതിനഞ്ചു വർഷങ്ങൾക്കു മുമ്പാണ്. ഇട ങ്ങഴി അരിയ്ക്കു് ഒരണയുണ്ടായിരുന്ന കാലം! അന്നു് ഔസേപ്പിൻെറ ആ രണ്ടുറുപ്പിക അവൻെറ കുടുംബത്തിനൊരു നേട്ടമാണ്.

കാലം മാറിക്കൊണ്ടിരുന്നു. പൌലോസിൻെറ അദ്ധ്വാനശീലം മുതലാളിക്കും ബോദ്ധ്യമാണ്. പക്ഷേ, അതിനനുസരിച്ചുള്ള വർദ്ധനവൊന്നും അവൻെറ ശമ്പളത്തിനുണ്ടായില്ല. ഒന്നൊന്നരക്കൊല്ലം കഴിഞ്ഞപ്പോൾ അവൻെറ ശമ്പളത്തിൽ ഒരു രൂപ കൂട്ടിക്കൊടുത്തു മുതലാളി.

അങ്ങനെയിരിക്കെയാണു രണ്ടാം ലോകമഹായുദ്ധം വന്നതു്. മുതലാളിയുടെ ധനസ്ഥിതിയിൽ പല വ്യതിയാനങ്ങളും സംഭവിച്ചു. സാധനങ്ങൾക്കു തീ പിടിച്ച വിലയായി. മുതലാളിക്കു പെരുത്ത ലാഭങ്ങൾ കിട്ടിത്തുടങ്ങി. അഞ്ചേക്കർ തെങ്ങിൻ പറമ്പും പണം സൂക്ഷിക്കുന്ന ഒരിരുമ്പുപെട്ടിയും ആയിടെയാണു് മുതലാളി വാങ്ങിയതു്. പീടികയിൽ വേറെ പുതിയ ശമ്പളക്കാരേയും അദ്ദേഹം നിയമിച്ചു. ഇന്നു പൌലോസ് ഒരു പത്തുറുപ്പിക ശമ്പളക്കാരനാണ്. മാസം തികയുമ്പോൾ ചൂടാറാത്ത ഒരു പത്തുരൂപാനോട്ടു് അവൻെറ കയ്യിലേയ്ക്കു വീഴും.

യുദ്ധം അവസാനിച്ചെങ്കിലും സാധനങ്ങളുടെവില യെല്ലാം അന്നത്തെപ്പോലെതന്നെ നിലകൊണ്ടു. അ

വൻെറ പത്തുരൂപകൊണ്ടു വീട്ടിൽ യാതൊന്നും തന്നെ നടക്കാതായി. പക്ഷെ, കൂടുതൽ ഉറുപ്പികയ്ക്കു അവനെ ങ്ങോട്ടുപോകും?

ഒന്നുരണ്ടു കൊല്ലംകൂടി വലിഞ്ഞിഴഞ്ഞങ്ങനെനീങ്ങി. പൌലോസിൻെറ ശമ്പളത്തിലും നേരിയൊരുവദ്ധനവു ണ്ടായി. പതിനഞ്ചുറുപ്പിക ഒരു കണക്കിനു മുതലാളി ഇ ന്നവനു കൊടുക്കുന്നുണ്ടു്. പൌലോസിൻെറ ശമ്പളം കൂടു തലാണെന്നൊരു ഭാവവുമുണ്ടു്, അയാളാത്തുരൂപയെടുത്തു കൊടുക്കുമ്പോഴ്!

കൂലിപ്പണിക്കാരനായ അവൻെറ പിതാവു് സുഖമി ല്ലാതെ കിടപ്പായതോടുകൂടി ഒരു കുടുംബത്തിൻെറ ചുമത ല മുഴുവൻ പൌലോസിൻെറ തോളിൽ വന്നുവീണു. ഈ പതിനഞ്ചുറുപ്പികകൊണ്ടു് അവനെന്തെല്ലാം ചെയ്യും?

ഇതിന്നിടയിൽ പൌലോസ് ഒരു ഭത്താവായി കഴി ഞ്ഞിരുന്നു. സുന്ദരിയായ മറിയം പൌലോസിൻെറ ഭായ്യ യാണു്. അമ്മയെ സഹായിക്കുകതിനുവേണ്ടി മാത്രമാണു് അവനാ വിവാഹം ചെയ്തതു്. അവൻെറ ആ പതിന ഞ്ചുറുപ്പികയുടെ ഓഹരിക്കാരിയായി ഒരാളെക്കൂടി കൂട്ടുന്ന തിനു് അവനിഷ്ടമില്ലായിരുന്നു. പക്ഷേ, അമ്മയുടെ നിർ ബന്ധവും കഴിവില്ലായ്മയും അവനെ അതിനു പ്രേരി പ്പിച്ചു. അങ്ങനെ പൌലോസ് ഒരു ഭത്താവായി.

മുതലാളിയോടു പലപ്പോഴും ശമ്പളക്കൂടുതൽ ആവശ്യപ്പെടണമെന്നു് അവനു തോന്നാറുണ്ടു്. പക്ഷേ, അവനു് അതു പറയാൻ ഒരു ഇഷ്ടമില്ലായ്മ. മുതലാളിക്കു് എല്ലാമറിഞ്ഞുകൂടേ? പക്ഷേ, അതൊരു വെറും ചോദ്യചിഹ്നം മാത്രമായിരുന്നുവെന്നു് ആ പാവമറിഞ്ഞില്ല!

മുതലാളിയുടെ ഇഷ്ടമാണു പൌലോസിൻെറ ഇഷ്ടം. സ്വന്തം പീടികയിലേയും അയൽവക്കത്തുള്ള പീടികകളിലേയും ശമ്പളക്കാരെക്കൊന്നും പൌലോസിനോടു് അത്ര പിടിപ്പില്ല. "ഓ! ഒരു മുതലാളിയുടെ മൂട്ടുതാങ്ങി" പലപ്പോഴും അവരവനെപ്പററി അഭിപ്രായങ്ങൾ പാസ്സാക്കും. എങ്കിലും പൌലോസിനു് അതിലൊന്നും പരിഭവമില്ല. അവരെന്തും പറഞ്ഞോട്ടെ. നിയമമോ സ്നേഹമോ ഏതാണു് ജയിക്കുക എന്നൊരു വെല്ലുവിളിയാണെന്നുതോന്നും പൌലോസിൻെറ പ്രവൃത്തികണ്ടാൽ.

ദിവസങ്ങൾ നീങ്ങി. പൌലോസിൻെറ ജീവിതം ഭാരിച്ച ചുമതലകളുടെ ഒരു ഘോഷയാത്രയായി മാറി. പത്തുപതിനഞ്ചുറുപ്പികകൊണ്ടു് ഒരു കുടുംബം പുലർത്താനും പിതാവിനു ചികിത്സ ചെയ്യാനും പൌലോസിനു കഴിവില്ലാതായി. ചിന്തകൾ വെന്തുനീറുന്ന ഒരു തീച്ചൂളയായിമാറി, അവൻെറ അന്തരംഗം. ബഹുമുഖ ജീവിതപ്രശ്നങ്ങളോടേററുമുട്ടിയപ്പോൾ അവൻെറ ചിറകുകൾ താനേ അററുപോകുന്നതുപോലെ അവനു തോന്നി. ആഴ്ചകൾ ഒന്നുരണ്ടു് മന്ദമായി നീങ്ങി. അവൻെറ ജീവിതത്തിൽ മാററങ്ങളൊന്നുംതന്നെ അവൻ കണ്ടില്ല. ദർ

ഗ്രഹമായ ആ ജീവിതത്തെപററി അടക്കിയിട്ടും അടക്കിയിട്ടും അടങ്ങാത്ത ഒരു ചിന്ത തേട്ടിത്തേട്ടിവന്നു് അവനെ പീഡിപ്പിച്ചു.

മുതലാളി—ആ നാലക്ഷരങ്ങറം അവൻെറ ഹൃദയത്തിൽ മിന്നി. കൊട്ടുംയാതനകളുടെ ഒരു നീണ്ട പട്ടിക അവൻെറ ഹൃദയാന്തർഭാഗത്തെ ഇരുമ്പിടിപ്പിച്ചിരിക്കുമ്പോറം ആ നാലക്ഷരങ്ങളുടെ തിളക്കത്തിൽ അവൻ ആനന്ദം കണ്ടെത്താമെന്നുകരുതി.

ഒരുദിവസം പൌലോസ് മുതലാളിയെ സമീപിച്ചു. മുതലാളി ഊണുകഴിഞ്ഞു മേശമേൽ കാലും കയററിവെച്ചു് ഇരുന്നാശപ്പസിക്കുകയാണ്. മുതലാളിയുടെ തടിച്ച ഫ്രെയിമുള്ള കണ്ണട മൂക്കത്തേയ്ക്കു് ഉന്തുവീണുകിടക്കുന്നു. പൌലോസ് ഭക്തിപുരസ്സരം മുതലാളിയുടെ മുമ്പിൽ നിന്നു.

"മുതലാളീ, അപ്പന് ഒരു ഭേദവുമില്ല" പൌലോസ് പറഞ്ഞു.

"അതിനു ഞാനെന്തുവേണം?" എടുത്തവായിനു മുതലാളിയുടെ മറുപടി!

"മരുന്നുമേടിക്കണം, വീട്ടിലേ ചെലവുകഴിയണം. എനിക്കു കിട്ടുന്ന പതിനഞ്ചുരൂപായുണ്ടു്. മുതലാളി ഒന്നു മനസ്സുവെച്ചാൽ—"

"ഞാൻ മനസ്സുവെച്ചാൽ നിൻെറ തന്തച്ചൻെറ സുഖക്കേടു മാറുമോ?"

"അതില്ല"

"പിന്നെ?"

"എന്തെങ്കിലും എനിക്കു ശമ്പളം കൂട്ടിത്തരണം."

"ശമ്പളം കൂട്ടുന്നു! നിനക്കു തരുന്ന പതിനഞ്ചുരൂപ യുണ്ടായാൽ നിന്നേപ്പോലെ രണ്ടാളെ ഇവിടെ വെയ്ക്കാം. ശമ്പളം കൂട്ടുന്നകാര്യം ഒന്നും ഇവിടെ പറയേണ്ട."

"മുതലാളി അങ്ങനെ പറഞ്ഞാൽ ഞാൻ വിഷമിക്കും."

"നിൻെറ വിഷമം. ഞാനെന്തുവേണം?"

"മുതലാളിക്കും അറിഞ്ഞുകൂടേ ഇന്നത്തെ സ്ഥിതി?"

"വേണ്ട, നിൻെറ പ്രസംഗം ഒന്നും വേണ്ടാ. ഇഷ്ടമുണ്ടെങ്കിൽ ജോലി ചെയ്യുക, അല്ലെങ്കിൽ ഉടനെ വിവരം പറയുക."

"മുതലാളി ഇങ്ങനെ ദേഷ്യപ്പെട്ടാൽ...."

"എടാ മിണ്ടരുതെന്നല്ലേ പറഞ്ഞത്"

ആ ചുവന്ന കണ്ണുകൾ രൂക്ഷമായി തുറുപ്പിച്ചുകൊണ്ടു് മുതലാളി മേശമേൽനിന്നു കാലെടുത്തു താഴെ വെച്ചു. പൌലോസ് നിന്നനിലയിൽ വിയർത്തുപോയി. അവൻെറ നെററിയിൽനിന്നും കവിൾത്തടങ്ങളിൽനിന്നും ഒപ്പം ജലബിന്ദുക്കൾ താഴെവീണു.

പൂച്ചയുടെ മുമ്പിൽ പരുങ്ങുന്ന എലിയെപ്പോലെ അവൻ പിൻവലിയാൻ തുടങ്ങി. ഹൃദയഭാരത്തിൻെറ ഒരു കനത്ത കെട്ടു് അവൻെറ മുമ്പിൽ തൂങ്ങുന്നതുപോലെ അവനു തോന്നി.

അന്നു രാത്രി പൌലോസ് ഉറങ്ങിയില്ല. അവനു ചിന്തിച്ചിട്ടു യാതൊരു പിടിയും കിട്ടുന്നില്ല. മനോവേദ

നയുടെ മാറാപ്പുകൾ അവൻെറ ചുമലിൽ കനംതൂങ്ങി കിടക്കുകയാണ്. കാർമേഘാവൃതമായ അന്തരീക്ഷത്തിൽ കൂരിരുട്ടു വ്യാപിച്ചാലുണ്ടാകുന്ന പ്രതീതിയാണ് അവൻെറ അന്തരംഗത്തിൽ അനുഭവപ്പെട്ടുന്നതു്. ഇടയ്ക്കിടയ്ക്കു ദയനീയമായ ചില നെടുവീർപ്പുകളും നിലവിളികളും അപ്പൻെറ കട്ടിലിൽനിന്നു് ഉയൎന്നുകൊണ്ടിരുന്നു. പട്ടിണിയും രോഗവും കടിച്ചുതുപ്പിയ ഒരു മനുഷ്യക്കോലം ആ കട്ടിലിൽ ചുരുണ്ടുകൂടി കിടക്കുന്നതാണു് പൌലോസിൻെറ പിതാവു്.

സ്നേഹമസൃണനായ ആ പിതാവിനെക്കുറിച്ചുള്ള മധുരമുള്ള സ്മരണകളേ പൌലോസിൻെറ മുമ്പിലുള്ളു. ആ അന്ത്യഘട്ടത്തിൽ ആ വത്സലനിധിയെ ആവുംവിധം ശുശ്രൂഷിച്ചു കൃതാൎത്ഥതയടയാൻ അവൻ അഭിലഷിച്ചു. പക്ഷെ, പരിതസ്ഥിതികളുടെ പാറക്കെട്ടുകളിൽ തട്ടിക്കൊണ്ടു് അവൻെറ അഭിലാഷം ഛിന്നഭിന്നമായി. ജീവിതം തന്നെ എന്തിനെന്നുതോന്നുന്ന ദുർഗ്രഹനിമിഷങ്ങൾ!!

പിറേറന്നും പൌലോസ് പതിവുപോലെ പീടികയിലേയ്ക്കു നടന്നു. അവൻെറ കണ്ണുകൾ കലങ്ങിയിട്ടുണ്ടു്. ചിന്താഭാരം തൂങ്ങുന്ന ഒരു മുഖഭാവമാണവൻേറതു്. വയലിൻെറ വഴിവരമ്പും നാട്ടുപാതയുടെ നടവഴിയും അവൻെറ കാലടിപ്പാടുകളെ പൂഴിമണ്ണിൽ വരച്ചെടുത്തു.

ചിന്തകൾ അലറിപ്പായുകയാണു്. അന്തരംഗത്തിൽ അട്ടഹാസം മുഴക്കുന്ന ചിന്തകൾ!! പൌലോസ് വീണ്ടും മുതലാളിയെ സമീപിച്ചു. കാരുണ്യത്തിൻെറ കടാക്ഷ

വീക്ഷണം സ്വപ്നംകണ്ടുകൊണ്ട് ആ യുവസുഹൃത്തു വീണ്ടും ആ വിത്തേശന്റെ മുമ്പിൽ നിന്നു.

അവന്റെ പ്രതീക്ഷകൾ തകൻ്നു. സ്വപ്നങ്ങൾ ഇടിഞ്ഞുവീണു. സങ്കല്പങ്ങൾ നിലംപരിശായി. ഒരലർച്ച—ഒരട്ടഹാസം—ഒരധികാരസ്വരം— ആത്മാഭിമാനത്താൽ വിജൃംഭിതനായ പൌലോസ് എന്തോ പറഞ്ഞു. അവന്നു സഹിച്ചില്ല! അതുകൊണ്ടവൻ പറഞ്ഞു. "എടാ നായിന്റെ മോനെ, എന്നാടാ നീ ഇത്ര വലുതായതു്? കടക്കെടാ പുറത്തു്." നിരാശയുടെ നീർച്ചുഴിയിലേയ്ക്കു് ഒരു ജീവിതത്തെ തള്ളിവിട്ട ആ നിമിഷങ്ങൾ ഗജ്ജിച്ചു! ആ ഗജ്ജനത്തിന്റെ മാറെറാലി സമീപപ്രദേശങ്ങളെ ഞെട്ടിപ്പിച്ചിരിക്കണം.

പൌലോസ് താണുവീണപേക്ഷിച്ചു. അവൻ പറഞ്ഞുപോയ "അബദ്ധം" പൊറുക്കണമെന്നു് ആയിരം വട്ടം അഭ്യത്ഥിച്ചു. അധികാരത്തിന്റെ മത്തും പ്രതാപത്തിന്റെ മദിരയും ഒരുമിച്ചു കീഴടക്കി കഴിഞ്ഞിരിക്കുന്ന ആ പണക്കാരനുണ്ടോ അതിൻ ചെവി കൊടുക്കുന്നു! "കടക്കെടാ പുറത്തു്" അയാൾ വീണ്ടും ഗജ്ജിച്ചു! അങ്ങാടിയിലെ വിളക്കുകാലുകൾപോലും ആ ഗജ്ജനത്തിൽ കിടിലംകൊണ്ടിരിക്കണം!!

പൌലോസ് നടന്നു. എങ്ങോട്ടെന്നില്ലാതെ നടന്നു.

നിമിഷങ്ങൾ ആ സംഭവത്തിനു തിരശ്ശീലയിട്ടുകൊണ്ടു കടന്നുപോയി. അന്നു വൈകുന്നേരം പീടിക പൂട്ടുന്ന

നേരത്തു് അയൽവക്കത്തെ പീടികയിലെ മുതലാളി അവിടെ വന്നു.

"പൌലോസ് എന്തേ?" അയാൾ ചോദിച്ചു.

"അവനെ ഞാൻ പിരിച്ചുവിട്ടു."

"ഉം, എന്താ കാരണം?" മറേറയാൾ അന്വേഷിച്ചു.

"അവൻ കമ്മ്യൂനിസ്റ്റ്" ഒരു പച്ചച്ചിരി ചിരിച്ചുകൊണ്ടു് ആ മനുഷ്യൻ പറഞ്ഞുതീർത്തു. അങ്ങകലെ കേട്ട കുക്കുടരാജൻെറ ശബ്ദം ആ മനുഷ്യനെ നോക്കിക്കൊണ്ടുള്ള ഒരു പൊട്ടിച്ചിരിയായിരുന്നു.

# എരിയുന്ന ജീവിതങ്ങൾ

“ഇനിയും എത്രനാൾ ഇതു സഹിച്ചുകൊണ്ടിരിക്കും”? വികാരനിർഭരമായ ഒരു ചോദ്യം! അവളുടെ ഹൃദയാന്തർഭാഗത്തുനിന്നു പുറപ്പെട്ട നെടുനിശ്വാസം അതിനു സാക്ഷ്യംവഹിച്ചു. നിരാശയുടെ നീർച്ചുഴിയിൽപെട്ട രണ്ടു ജീവിതങ്ങളുടെ ഉരസ്സലായിരുന്നു അതു്. അർത്ഥഗർഭമായ ഒരു നോട്ടത്തോടെ ആ യുവാവു് അവളുടെ നേരെ തിരിഞ്ഞു. കദനഭാരം കവിഞ്ഞുനില്ക്കുന്ന ആ കവിൾത്തടങ്ങളിലെ രോമകൂപങ്ങൾ എഴുന്നേല്ക്കുന്നതുപോലെ തോന്നി. ഒരു നീണ്ട നിശ്ശബ്ദത മാത്രമായിരുന്നു അവനു നല്ലാനുണ്ടായിരുന്ന മറുപടി.

ഒരു വലിയ പട്ടണത്തിലെ മനോഹരമായ ഒരു മണിമാളിക. അതിൻെറ മുററത്തു് ഒരരുകിൽ ആ ദരിദ്രദമ്പതികൾ തങ്ങളുടെ ദാമ്പത്യ സ്മാരകമായ കൊച്ചുകുഞ്ഞിനേയും പിടിച്ചിരിക്കുകയാണു്. അങ്ങകലെ സൌ

ദൃശ്യം പരത്തുന്ന അനവധി കാഴ്ചകഠം ആ പട്ടണത്തി ന്നാകമ്പടി സേവിക്കുന്നുണ്ട്.

കീറിപ്പറിഞ്ഞ ഒരു ബ്ലൌസുകൊണ്ടു മാറുമറച്ചിരിക്കുന്ന ആ യുവതി ചോദ്യചിഹ്നംപോലെ വളഞ്ഞിരിരിക്കുന്ന ആ കൊച്ചു കുഞ്ഞിന്നു മുലകൊടുക്കാൻ തുടങ്ങി. ആ യുവാവ്—അവളുടെ ഭർത്താവ്—വിദൂരതയിലേയ്ക്കു കണ്ണുനട്ടുകൊണ്ടു നിർന്നിമേഷനായിരിക്കുകയാണ്. 'ദീവന്ന മൂന്നു ജീവിതങ്ങഠം വട്ടമിട്ടിരിക്കുന്ന ദയനീയ കാഴ്ച!

പ്രതാപത്തിൻെറ വെന്നിക്കൊടി നാട്ടിക്കൊണ്ട് ആ കൂററൻമാളിക അവരുടെ തലയ്ക്കുമുകളിൽ ഉയൎന്നു നില്ക്കുയാണ്. അതിൻെറ താഴെ എരിയുന്ന ജീവിതത്തിൻെറ കദനംനിറഞ്ഞ കഥ പറഞ്ഞുകൊണ്ട് അവരങ്ങനെയിരിക്കുന്നു.

ആഴ്ചകഠം നാലഞ്ചായി ആ കൊച്ചു കുടുംബം അവിടെ വന്നിട്ട്. അനവധി മനുഷ്യർ സുഖസമ്പൂർണ്ണമായി ജീവിതം നയിക്കുന്ന ആ പട്ടണത്തിൽ ഒരു വഴിത്തിണ്ണയാണ് അവൎക്ക് അഭയം നല്കിയതു്. ശോഭയുള്ള വൈദ്യുത ദീപങ്ങഠം പരിഷ്കാരത്തിൻെറ പ്രകാശം പരത്തിക്കൊണ്ടാ പട്ടണത്തിൽ പ്രശോഭിക്കുമ്പോഠം അവരാ വഴിത്തിണ്ണയിൽ കിടന്നുറങ്ങും. അവിടവിടെ ചുററിപ്പററി നില്ക്കുന്ന അങ്ങാടിപ്പിള്ളേർ അവൎക്ക് കാവലുണ്ടാകും. അവരെപ്പോലെ അനവധി മനുഷ്യർ ആ പട്ടണത്തിൽ ജീവിക്കുന്നുണ്ട്.

കാലത്ത് കണ്ണുംതിരുമ്മി എഴുന്നേല്ക്കുമ്പോഠം അവൎക്കു കാണാം ചോറുപാത്രങ്ങളും കൈത്തണ്ടയിൽ തൂക്കി

19805

കൊണ്ടു ജോലിക്കുപോകുന്ന, ആ നാട്ടിലെ അദ്ധ്വാനി ക്കുന്ന ജനവിഭാഗത്തെ. ഒരുകാലത്ത്—ഒരു അഞ്ചാറു മാ സംമുമ്പ്—ആ പട്ടണത്തിൽനിന്നു പത്തുനാല്പതു നാഴി ക അകലെ അവരും അങ്ങനെ ജോലിക്കുപോയിരുന്ന ദിവസങ്ങളുണ്ടായിരുന്നു. അന്നവർ അദ്ധ്വാനിക്കുന്ന ജന വിഭാഗത്തിൻെറ ചേരിയിലായിരുന്നു; എന്നാൽ ഇന്ന വർ ആ നാട്ടിലെ 'തെണ്ടി'കളുടെ ഗണത്തിലാണ്—പേ പിടിച്ച സമുദായനീതി അവരെ 'തെണ്ടി'കളാക്കിയെന്നു പറഞ്ഞാൽ അതായിരിക്കും വാസ്തവം.

അന്നെല്ലാം എത്ര ചൊറുചൊറുക്കോടുകൂടിയാണ് അവർ ജോലിയെടുത്തിരുന്നതു്. വേലയെടുക്കുക—പണം വാങ്ങിക്കുക—അതാണവരുടെ മുദ്രാവാക്യം. ആനന്ദപൂ ർണ്ണമായിരുന്നു അന്നത്തെ ആ ദിവസങ്ങൾ. 'മാല'യെ വേലയ്ക്കു പറഞ്ഞയയ്ക്കാതെതന്നെ കുടുംബം കഴിയുന്നതി നുള്ള പണം കൃഷ്ണനു കിട്ടും. മാലയെ വേലയ്ക്കു പറഞ്ഞ യയ്ക്കുന്ന കാര്യം കൃഷ്ണനു പരമ സങ്കടമാണ്. മാല പല പ്പോഴും പറയാറുണ്ടു്, അവൾക്കും എന്തെങ്കിലും ജോലി ക്കു പോകണമെന്നു്. "വേണ്ടെടീ, ഞാൻ സമ്പാദിക്കുന്ന തുമതി" അവൻ അവളെ തടയും. കുട്ടിയെ നോക്കലും വീട്ടുവേലയും മാത്രമാണ് മാലയുടെ തൊഴിൽ. ആ കൊ ച്ചുകുടുംബത്തിലെ ജോലി കഴിഞ്ഞാൽ ഉമ്മറത്തുവന്നിരു ന്നു മാല കുഞ്ഞിനെ കളിപ്പിക്കും. അവരുടെ ദാമ്പത്യ വല്ലരിയിലെ ആദ്യത്തെ പൂവാണ് മീനു. ഓമനത്വം തുള്ളിത്തുളുമ്പി നില്ക്കുന്ന ഒരു കൊച്ചു ശിശു. ആ തൊഴി ലാളിദമ്പതികളുടെ പ്രതീക്ഷകളുടെ ആകത്തുകയാണ്

ആ കുഞ്ഞ്. വിവാഹം കഴിഞ്ഞു വളരെ കഴിഞ്ഞിട്ടാണ് മാല അവളെ പ്രസവിച്ചത് ഒരു കുഞ്ഞുണ്ടായി കാണാൻ കൃഷ്ണൻ ചെയ്തുകൂട്ടിയ നേർച്ചകാഴ്ചകളെപ്പററി ഒരു കയ്യും കണക്കുമില്ല. ശബരിമലയ്ക്കും പഴനിയ്ക്കും പലവട്ടം അവൻ പോയിട്ടുണ്ട്. അങ്ങനെ ഒടുവിൽ മീനു ജനിച്ചു

കാലത്തെഴുന്നേററു കൃഷ്ണൻ ജോലിക്കു പോകും വൈകുന്നേരം തിരിച്ചുവരും. ചില ദിവസങ്ങളിൽ വൈകുന്നേരമായിരിക്കും കൃഷ്ണനു ജോലി. അപ്പോൾ പകലൊഴിവായിരിക്കുകയും ചെയ്യും.

ഒരു കൂററൻ ഫാക്കടറിയാണത്. ആ നാട്ടിലെ നാലഞ്ചു മുതലാളിമാർകൂടിയാണതു നടത്തുന്നത്. നല്ല നല്ല തുക കൊല്ലംതോറും അവക്ക് ആദായം കിട്ടുകയും ചെയ്യുന്നു.

ആ ഫാക്കടറി അവിടെ ഉള്ളതിൽ ആ നാട്ടുകാക്കൊക്കെ വളരെ സന്തോഷമാണ്. ഫാക്ടറിയ്ക്കു ചുററും തലയെടുത്തുനില്ക്കുന്ന കൊച്ചുകൊച്ചു പീടികകളുടെ കണക്കുതന്നെ എടുത്താൽ മതി ആ സ്ഥാപനത്തിൻെറ മാഹാത്മ്യമോക്കാൻ. ഒരു നാലഞ്ചുകൊല്ലം മുമ്പ് ആ ഫാക്കടറി സ്ഥാപിക്കുന്ന കാലത്ത് കൊച്ച് ഓലമാടങ്ങളായി തുടങ്ങിയ പീടികകളൊക്കെ ഇന്നു തട്ടിപ്പിടിച്ചു പോന്നിട്ടുണ്ട്. പലതും ഓടുമേഞ്ഞു. പലതും ടെറസ്സുകളായി മാറി. ചിലേടത്തുനിന്നു റേഡിയോകളുടെ സ്വരംകൂടി പുറപ്പെട്ടു. അതെല്ലാം ആ ഫാക്കടറിയിലെ പണത്തിൻെറ കൊഴുപ്പാണ്. വിദേശ കറൻസി ഒഴുകാനും ദേശീയ കറൻസി

വികസിക്കാനും ആ ഫാക്ടറി കാരണമാക്കി. തൊഴിലാളികൾക്കാണെങ്കിൽ ഇഷ്ടംപോലെ ജോലി. ആയിരത്തിലധികം തൊഴിലാളികൾ ഇപ്പോൾതന്നെ അവിടെ ജോലിചെയ്യുന്നുണ്ട്. അവർക്കെല്ലാം ഒരുവിധം നല്ല കൂലിയുമുണ്ട്.

കാലം കുറെയങ്ങനെ കഴിഞ്ഞു. ഒരു ദിവസം ഫാക്ടറി മുതലാളിമാർക്കു തോന്നി, ആയിരം തൊഴിലാളികൾ ഫാക്ടറിയിൽ ജോലിചെയ്യുന്നുണ്ട്. ഓരോരുത്തരുടേയും കൂലിയിൽനിന്ന് ഒരണയൊ രണ്ടണയൊ വീതം വെട്ടിക്കുറച്ചാൽ വലിയൊരു തുക ലാഭിക്കും. തൊഴിലാളികൾക്കാണെങ്കിൽ അതുകൊണ്ടൊരു 'നഷ്ട'വുമില്ല— അവർ തീരുമാനിച്ചു.

അതൊരു വിദഗ്ദ്ധമായ കണ്ടുപിടുത്തമായിരുന്നു. പതിനേഴാം നൂററാണ്ടിലെ മുതലാളിത്വംപോലും ഇത്തരം വിദഗ്ദ്ധമായ കണ്ടുപിടുത്തം നടത്തിയിരിക്കില്ല. അങ്ങനെ ആ മുതലാളിമാർ അവരുടെ പുതിയ പരീക്ഷണം നടത്തിനോക്കാൻ ആരംഭിച്ചു. ഒരു ദിവസം ഫാക്ടറിയിലെ നോട്ടീസുബോർഡിന്മേൽ ഒരു നോട്ടീസു കണ്ടു. ഒരു രൂപയിൽ താഴെ ശമ്പളമുള്ളവർക്ക് ഒരണ വീതവും ഒരു രൂപയിൽ കൂടുതലുള്ളവർക്കു രണ്ടണ വീതവും കൂലി കുറച്ചിരിക്കുന്നുവെന്ന്. തികച്ചും അവിചാരിതമായിട്ടാണ് ആ തൊഴിലാളികൾ അതു ശ്രവിച്ചതു്. അവരുടെ അഭിമാനം ആളിക്കത്തുന്നതുപോലെ തോന്നി. ഇന്നാളൊരിക്കൽ അവരുടെ വർഗ്ഗബോധത്തെപ്പററി ഒരു നേതാവു് പ്രസംഗിക്കുന്നതു് അവർ കേട്ടതാണ്. അവർക്കുംതോന്നി

എന്തോ ഒരു ബോധം അടിയിൽനിന്നു് ആഞ്ഞു വരുന്നതായി.

തൊഴിലാളികഠം അടിയന്തിരമായി ഒരു യോഗം കൂടി. തങ്ങളുടെ അവകാശത്തിൻെറ നേരെ തോക്കുചൂണ്ടിയിരിക്കുന്ന മുതലാളിത്വത്തോടു മല്ലിടാൻ അവർ തീരുമാനിച്ചു. കൂലികുറച്ചാൽ പിറേറന്നുമുതൽ പണിമുടക്ക്— എല്ലാം ക്ഷണനേരംകൊണ്ടു നിശ്ചയിച്ചുകഴിഞ്ഞു.

പിറേറ ആഴ്ച കൂലിതിക്കേണ്ട ദിവസമായി. മാനേജർ വിവരമെല്ലാം പറഞ്ഞു. ഒന്നേകാൽരൂപ കിട്ടിയിരുന്ന കൃഷ്ണനും അവൻെറ കൂട്ടുകാക്കും ഒരുരൂപ രണ്ടണയായി കൂലി. മുതലാളിമാക്കു പണമുണ്ടാക്കാൻ അവർ കണ്ടുപിടിച്ച ആ "ലഘുനിക്ഷേപ പദ്ധതി" അങ്ങനെ പ്രയോഗത്തിൽ വന്നു.

ഒരു രൂപ രണ്ടണയുംകൊണ്ടു കൃഷ്ണനും അവനെപ്പോലെയുള്ള അനവധി തൊഴിലാളികളും വീട്ടിലേയ്ക്കു പോന്നു. അവരുടെ സിരകളിൽ പ്രതികാരത്തിൻെറ ചുടുവെള്ളം പായുന്നതുപോലെ അവക്കു തോന്നി.

അന്നു് അങ്ങനെ കഴിഞ്ഞു. പിറേറന്നു് ആ തൊഴിലാളികഠം വീണ്ടും കൂടി. പണി മുടക്കുകതന്നെ അവർ തീരുമാനിച്ചു. അവരുടെ ജീവിതത്തിൻെറ പ്രശ്നമാണത്. മുതലാളിത്വത്തിൻെറ മുമ്പിൽ മുട്ടുമടക്കി നില്ക്കാനുള്ളതല്ല അവരുടെ വ്യക്തിത്വം. അവക്ക് ഒരു വ്യക്തിത്വമുണ്ട് — അതു മാനിയ്ക്കപ്പെടണം.

പണിമുടക്കു നോട്ടീസ് മുതലാളിമാക്കു കിട്ടി. അവരോ പുഞ്ചിരിച്ചു—നിന്ദാഗർഭിതമായ ഒരു പുഞ്ചിരി. ഒരു

ലോകത്തിന്റെ മുഴുവൻ താക്കോൽ സൂക്ഷിപ്പുകാരാണാ മുതലാളിമാർ. അവർക്കുണ്ടോ ഒരുകൂട്ടം തൊഴിലാളികളുടെ ചില പ്രവർത്തനങ്ങളിൽ കാര്യം—തോന്നുന്നു?

"പണിമുടക്കു നടക്കട്ടെ" അവർ പറഞ്ഞു—പരിഹാസത്തോടുകൂടിയുള്ള ഒരു പറച്ചിൽ!

അങ്ങനെ ആ ഫാക്ടറിയുടെ ചരിത്രത്തിൽ ആദ്യത്തെ ആ തൊഴിലാളിസമരം ആരംഭിച്ചു. തൊഴിലാളികളുടെ സംഘടിതശക്തിയിൽ വിശ്വാസമുണ്ടായിരുന്നില്ലെങ്കിലും കൗതുകം തോന്നി ആ മുതലാളിമാർക്ക്. തിരിഞ്ഞുനിന്നിരുന്ന യന്ത്രങ്ങൾ നിമിഷനേരംകൊണ്ടു നിന്നതും പ്രവർത്തിച്ചിരുന്ന കൈകൾ നിശ്ചലമായതും പുതുമയോടുകൂടിയല്ലാതെ നോക്കിനില്ക്കുന്നതിന് അവർക്കു കഴിഞ്ഞില്ല. ആ മുതലാളിമാർ അപ്പോഴും പുഞ്ചിരിച്ചു—നിന്ദാസൂചകമായ പുഞ്ചിരി!

ദിവസം ഒന്നുരണ്ടങ്ങനെ നീങ്ങി. ആ പാവപ്പെട്ട തൊഴിലാളികൾ കരുതി, മുതലാളിമാർ തങ്ങളുടെ സംഘടനാശക്തിയെ മാനിക്കുമെന്ന്. നാലോ, അഞ്ചോ വ്യക്തികൾക്കുവേണ്ടി ആയിരത്തിൽപരം കുടുംബങ്ങളെ പെരുവഴി ആക്കുകയില്ലെന്ന്. പക്ഷേ, അവരുടെ പ്രതീക്ഷകൾ അസ്തമിക്കയാണുണ്ടായത്. അന്നത്തെ നോട്ടീസ്ബോർഡ് കണ്ടപ്പോൾ അവരുടെ ഹൃദയത്തിൽ ഒരിടിവെട്ടുണ്ടായി.

കമ്പനി പൂട്ടിയിട്ടിരിക്കുന്നു! കൂത്തുമൂത്ത കൂരമ്പുകൾ തറയ്ക്കുന്നതുപോലെ ആ അക്ഷരങ്ങൾ അവരുടെ ഹൃദയ

ത്തിൽ തറച്ചു. അവർ പരസ്പരം നോക്കി. എന്താണ് ചെയ്യേണ്ടതെന്നറിയാത്ത ഒരു നോട്ടം.

ആ തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലേയ്ക്കു നീങ്ങി. അങ്ങകലെ ആകാശത്തു വാനമേഘങ്ങൾ കള്ള ക്കർക്കിടകത്തിനു കളമൊരുക്കുകയായിരുന്നു. വെറുംകയ്യോടുകൂടി അന്നുരാത്രി കൃഷ്ണൻ വീട്ടിലേയ്ക്കു കയറിച്ചെന്നു. മാല ചോദിച്ചു: "സമരം ജയിച്ചോ? മുതലാളിമാർ സമ്മതിച്ചില്ലേ?"

"ഇല്ല, കമ്പനി പൂട്ടി" അവൻ പറഞ്ഞു. അവൻെറ ഹൃദയം പിടയ്ക്കുന്നുണ്ടായിരുന്നു.

"ഇനി എന്തുചെയ്യും"

മാല അറിയാതെതന്നെ ആ ചോദ്യം ചോദിച്ചുപോയി. കൃഷ്ണൻ ഒന്നും പറഞ്ഞില്ല. ആഴ്ചകൾ രണ്ടുനാലങ്ങനെ നീങ്ങി. വറുതിയുടെ ദുർദ്ദിനങ്ങൾ ആ കൊച്ചു കുടുംബത്തെ പിടിച്ചുഞെക്കി. മാലയുടെ സ്വർണ്ണമാലയും കൈവളയും അയൽപക്കത്തെ മാത്തൻമുതലാളിയുടെ പെട്ടിയിലായി.

ഒരു ജോലികിട്ടാൻ കൃഷ്ണൻ വളരെയേറെ ആഗ്രഹിച്ചു. മഴ മുട്ടിച്ചു പിടിക്കുന്ന ആ കർക്കിടകമാസത്തിൽ ആരാണവനു ജോലി കൊടുക്കുക? ആ യാതനയുടെ ദിവസങ്ങൾ പിന്നെയും നീങ്ങി. വിലപ്പിടിപ്പുള്ള സാമാനങ്ങൾ ഓരോന്നോരോന്നായി ആ കുടുംബത്തിൽനിന്നും പമ്പകടന്നു.

ചിങ്ങം കന്നിമാസത്തിലെങ്കിലും കൃഷ്ണനെന്തെങ്കിലും ജോലികിട്ടുമെന്നവനാഗ്രഹിച്ചു.

പൊന്നോണത്തിൻെറ പുതുപുലരിയിൽ പൊന്നിൻ ചിങ്ങം പുതുമേഘങ്ങൾക്കിടയിൽ പ്രശോഭിച്ചു. നവ്യതയുടെ നാളം നീട്ടിക്കൊണ്ടു് പുഷ്പലതാദികൾ ആ മനോഹരാവസരത്തെ വിളിച്ചറിയിച്ചപ്പോൾ തൻെറ കഷ്ടപ്പാടുകളുടെ ചുമടിറക്കിവെയ്ക്കുന്നതിനുള്ള സമയമായെന്നവൻ വിചാരിച്ചു.

കർക്കിടകത്തിൻെറ വറുതി തീർന്നതുപോലെ തോന്നി. കൃഷ്ണൻ ഇറങ്ങി നടന്നു, ഒരു ജോലി കിട്ടാൻ ഫാക്ടറികളും പീടികസ്ഥലങ്ങളും അവൻ കയറിയിറങ്ങി. പക്ഷേ, അവനൊരു ജോലി കൊടുക്കാൻമാത്രം ആരും ഉണ്ടായില്ല!

താമസിക്കുന്ന പുരയ്ക്കു കൂലികൊടുത്തിട്ടു മാസങ്ങൾ രണ്ടുമൂന്നായി. സ്ഥലമുടമസ്ഥൻ മുട്ടിച്ചുതുടങ്ങി. കൂനിന്മേൽ കുരുവെന്നവണ്ണം കൃഷ്ണൻെറ ദുരിതം മറെറാരവസ്ഥയിലേയ്ക്കു കടന്നു. വാടകകൊടുക്കാനില്ലെങ്കിൽ സ്ഥലമൊഴിഞ്ഞു കൊടുക്കണമെന്നു് ഉടമസ്ഥൻ ആവശ്യപ്പെട്ടു. ആ കൊച്ചു കുടുംബം കഷ്ടതയുടെ കാരാഗാരത്തിലമർന്നു. യാതനയുടെ ചിത്രങ്ങൾ കണക്കെ മൂന്നു ജീവിതങ്ങൾ അവശേഷിച്ചു—ആരുംപോരുമില്ലാത്ത മനുഷ്യജീവികൾ!

വളരെ വിഷമിച്ചാണെങ്കിലും ഒടുവിൽ അവനൊരു തീരുമാനമെടുത്തു. അന്നുരാത്രി അവനതു മാലയോടു പറഞ്ഞു. അകലെയുള്ള പട്ടണത്തിൽപോയി എന്തെങ്കിലും ജോലിയന്വേഷിക്കാൻ തന്നെ പറഞ്ഞയയ്ക്കണമെന്നാണു് അവൻ ആവശ്യപ്പെട്ടതു്. മാല പറഞ്ഞു: "ഞാനും ഉണ്ടു്. പട്ടിണിയെങ്കിൽ പട്ടിണി നമുക്കൊരുമിച്ചു

സഹിക്കാം.” അവന്ന് അവളുടെ വാക്കുകളെ തട്ടിക്കളെയാൻ കഴിഞ്ഞില്ല! സ്നേഹിച്ചും സ്നേഹിക്കപ്പെട്ടും കഴിഞ്ഞിരുന്ന ആ ജീവിതങ്ങൾ! ഇണപിരിയാൻ മാലയ്ക്കു സമ്മതമുണ്ടായിരുന്നില്ല. കൃഷ്ണനും അതു സമ്മതമുണ്ടായിട്ടില്ല. സാഹചര്യങ്ങൾ നിർബന്ധിച്ചപ്പോൾ സ്നേഹമസൃണനായ ഒരു ഭർത്താവിനെപ്പോലെ അവനങ്ങനെ പറഞ്ഞുവെന്നു മാത്രം!

കഷ്ടതയെങ്കിൽ കഷ്ടത—ആ കൊച്ചു കുടുംബം ഒരുമിച്ചിറങ്ങി. ജീവിതായോധനത്തിൽ ഒരുമിച്ചു പടവെട്ടാൻ.

പരിഷ്ക്കാരത്തിൻേറയും പ്രതാപത്തിൻേറയും കൊടിക്കൂറകൾ പറപ്പിച്ചുകൊണ്ടാ പട്ടണം പരിലസിക്കുകയാണു്. ആ കൊച്ചുകുടുംബം അങ്ങോട്ടു നടന്നു അവർക്കെന്തെങ്കിലും ഒരു ജോലി കിട്ടാൻ.

പുകതുപ്പുന്ന അനവധി ഫാക്ടറികളും പണം കിലുങ്ങുന്ന അനവധി പീടികകളും ആ പട്ടണത്തിലുമുണ്ടു്. അവിടെ പലേടങ്ങളിലും ആ ചെറുപ്പക്കാരൻ നടന്നു നോക്കി.

വൈകുന്നേരമാകുമ്പോൾ വാടിത്തളർന്നുകൊണ്ടവൻ മാലയുടെ അരികത്തുവരും. പ്രതീക്ഷാനിർഭരമായ കണ്ണുകളോടുകൂടി അവളവനെ നോക്കും. “എന്തെങ്കിലും കിട്ടിയോ” അവളവനോടു ചോദിക്കും. ആശകളുടെ ഇരിപ്പിടമാണു് അവളുടെ ഹൃദയം—അടക്കിവെച്ചിരിക്കുന്ന ആശകൾ!

"ഒന്നും കിട്ടിയില്ല" കൃഷ്ണൻ പറയും. അവളൊന്നു നെടുവീർപ്പിടും! അവളുടെ കണ്ണുകളിൽ പൊടിച്ചുവരുന്ന കണ്ണീർത്തുള്ളികൾ ആ രംഗത്തിനു സാക്ഷ്യം വഹിക്കാറുണ്ട്.

ആ വലിയ മണിമാളികയുടെ താഴെ വഴിത്തിണ്ണയിൽ ആ മൂന്നു ജീവിതങ്ങൾ എരിയുകയാണ്— എണ്ണയില്ലാത്ത ഒരു നിലവിളക്കിലെ കരിംതിരികൾപോലെ.

പ്രഭാതം പട്ടണത്തെ വിളിച്ചുണർത്തുമ്പോൾ ആ വഴിത്തിണ്ണയിൽനിന്നെഴുന്നേല്ക്കുന്ന കൃഷ്ണനും മാലയും തമ്മിൽ എന്നും ആലോചിക്കാറുണ്ട് "ഇനിയും എത്ര നാൾ ഇതു തുടൻുകൊണ്ടു പോകും?"

പീടിക മുറികളിൽ ശബ്ദമുണ്ടാക്കുന്ന അടയ്ക്കാക്കിളികളായിരിക്കും അതിനുത്തരം നല്കുക.

# പുലക്കള്ളികൾ പാടുന്നു

"കുട്ടാടൻപാടത്തു കട്ടതട്ടുമ്പോ–
ളൊപ്പംതട്ടണം കമ്മുകളെ........"

ആ പുലക്കള്ളികൾ നീട്ടിവലിച്ചു പാടുകയാണു്. മന്ദമധുരമായ ആ ഗാനധ്വനി എന്റെ കർണ്ണപുടങ്ങളിൽ വന്നലയടിച്ചു.

അങ്ങകലെ സൂര്യൻ പടിഞ്ഞാറെ കടലിടുക്കിലേയ്ക്കു വഴുതിവീഴുകയായിരുന്നു. ചുററുപാടും തലയുയർത്തി നോക്കുന്ന കേരവൃക്ഷങ്ങൾ മഞ്ഞവെയിലിൽ കുളിച്ചങ്ങനെ നില്ക്കുകയാണു്. പച്ചപ്പരവതാനി വിരിച്ച ആ നെൽവയലിനു് ഒരു വെള്ളക്കരയിട്ടതുപോലെ തോന്നും, ആ കൊച്ചരുവിയുടെ ഒഴുക്കുകണ്ടാൽ. പതഞ്ഞുപതഞ്ഞു് അതങ്ങനെ ഒഴുകുകയാണു്—കൊച്ചരിപ്പല്ലുകൾ നിരത്തിവെച്ചു ചിരിക്കുന്ന സുന്ദരിയായ ഒരു കൊച്ചു പെൺകുട്ടിയെപ്പോലെ!

സൗന്ദര്യം മൊട്ടിട്ടുനില്ക്കുന്ന മനോഹരമായ ആ സായാഹ്നവേളകളിൽ ഞാൻ ആ പാടത്തിൻെറ കരയ്ക്കുചെന്നിരിക്കാറുണ്ട്. ആ പുൽത്തകിടിയിലെ പച്ചപ്പരപ്പിൽ സന്ധ്യാസൗന്ദര്യവുമായി നമ്മ സംഭാഷണത്തിലേപ്പെട്ടുകൊണ്ടു മണിക്കൂറുകഠംതന്നെ ഞാനവിടെ ചിലവഴിക്കും. ആകാശത്തു നക്ഷത്രങ്ങഠം വന്നു മിന്നിത്തിളങ്ങുമ്പോഠം ഞാനവിടെനിന്നെഴുന്നേററു നടക്കും.

കണ്ണെത്താത്ത, ഒരു ജീവിതംപോലെ വിശാലമായ ആ നെൽവയൽ എൻെറ മുമ്പിലങ്ങനെ നീണ്ടുനീണ്ടു കിടക്കുകയാണ്. അങ്ങകലെ പശ്ചിമപവ്വതം നിന്നിമേഷമായീ ആ വയലിനെത്തന്നെ നോക്കിക്കൊണ്ടു നില്ക്കുന്നതു കാണുമ്പോഠം വിദൂരസ്ഥിതമായ രണ്ടു കാമുകീകാമുകന്മാരെപ്പററി ഞാൻ ചിന്തിക്കാറുണ്ട്.

നിരാശയുടെ നെടുംകോട്ടകഠംക്കകത്തിട്ടു പൂട്ടിയിരിക്കുന്ന എൻെറ ജീവിതം ആനന്ദത്തിൻെറ നീലിമയിലേയ്ക്ക് അലച്ചുയരുന്ന അവസരങ്ങളാണവ. ആലോചിക്കാനും ആസ്വദിക്കാനും കിട്ടുന്ന അസുലഭമായ ആ അവസരങ്ങഠം! മറക്കാനാവാത്ത നിരവധി സംഭവങ്ങഠം ആയിടെ എനിക്കനുഭവപ്പെട്ടിട്ടുണ്ടു്.

അന്നും പതിവുപോലെ ഞാനാ വയൽവക്കിലേയ്ക്കു നടന്നു. സായാഹ്നം സസ്യത്തലപ്പുകളിൽ തങ്ങിനില്ക്കുന്നുണ്ടായിരുന്നു. കട്ടപിടിച്ചുനില്ക്കുന്ന ആ നെൽച്ചെടികളിൽ കൊച്ചലകളുണ്ടാക്കിക്കൊണ്ടു സന്ധ്യാസമീരൻ കടന്നുപോയി. മന്ദമധുരമായ ആ ഗാനധ്വനി അപ്പോഴാണ് എൻെറ ചെവികളിൽ വന്നലയടിച്ചത്. ശോകപൂ

ണ്ണമായ ഒരു കഥയുടെ വിവരണമടങ്ങുന്ന ഒരു ഗാനശകലമായിരുന്നു അത്. സാഹിത്യഭംഗിയില്ലെങ്കിലും നിഷ്കളങ്കത നിറഞ്ഞുതുളുമ്പുന്ന ആ ഈരടികൾ ഇപ്പോഴും എന്റെ ഭാവനയിൽ പറന്നുനടക്കുന്നുണ്ട്.

ഞാൻ ആ ശോകകഥ നിങ്ങളുടെ മുമ്പിൽ നിരത്തിവെയ്ക്കാം.

രണ്ടുനാലു വർഷങ്ങൾ മുമ്പാണ് അതുണ്ടായത്. ആ നാട്ടിൻപുറത്തുകാരാരും ഇതുവരെ ആ സംഭവം മറന്നിട്ടില്ല. അത്രയ്ക്കേറെ അവരുടെ ഗ്രാമാന്തരീക്ഷത്തെ നശിപ്പിച്ച ഒരു സംഭവമാണത്. സൌഹൃദത്തിന്റേയും സമാധാനത്തിന്റേയും വെന്നിക്കൊടി നാട്ടിക്കൊണ്ട് ആ ഗ്രാമീണ ജനങ്ങൾ ജീവിക്കുകയായിരുന്നു. ഐക്യത്തിന്റേയും ശാന്തിയുടേയും പ്രതീകമാണവരുടെ ജീവിതം മാത്സര്യമോ കലാപമോ അവരുടെ പ്രദേശത്തിന്റെ സമീപത്തുകൂടി വരാൻ അവരാഗ്രഹിക്കുന്നില്ല. പട്ടണത്തിന്റെ പരിഭ്രാന്തിയോ പരിഷ്കാരത്തിന്റെ പേക്കൂത്തുകളോ എത്തിനോക്കാൻപോലും അനുവദിക്കാത്ത് പരിപാവനമായ ഒരു ജനത!

പകൽനേരം ആ ഗ്രാമപ്രദേശത്തു മുതിർന്നവരെ കാണുകയില്ല. പാടത്തും പറമ്പിലും വിയർത്തൊലിച്ച വേലചെയ്യുകയായിരിക്കും ആ പാവങ്ങൾ! പ്രഭാതസൂര്യൻ ആ ഗ്രാമപ്രദേശത്തു ചെങ്കതിരുകൾ പൊഴിക്കുമ്പോൾ അരിവാളും കാട്ടുവള്ളികളുമായി ജോലിക്കിറങ്ങുന്ന സ്ത്രീകളുടേയും കരിയും കൈക്കോട്ടുമായി വേലയ്ക്കുപോകുന്ന പുരുഷന്മാരുടേയും ഒരു ഘോഷയാത്രയാണവിടെ. പ്രഭാതം

മുതൽ പ്രദോഷംവരെ അവർ പാടത്തും പറമ്പിലുമായി വിയർത്തൊലിച്ചു വേലചെയ്യും. അന്തിക്കു കിട്ടുന്ന കൂലിയുമായി അവരവരുടെ ഭവനങ്ങളിലേയ്ക്കു മടങ്ങും. അദ്ധ്വാനത്തിന്റെ പര്യായപദങ്ങളാണു കൃഷികർ. എല്ലുമുറിയെ പണിചെയ്യുകയാണവരുടെ മുദ്രാവാക്യം. അന്നന്നത്തെ അഷ്ടിയ്ക്കു വകകിട്ടലാണു് അവരുടെ സംഘടനാബോധം. പണിയായുധങ്ങളാണവരുടെ പാർട്ടിചിഹ്നം.

സാധുക്കളായ ചില ഹരിജനങ്ങളും സാധാരണക്കാരായ കുറേ ക്രിസ്ത്യാനികളും. ഇതാണു ഗ്രാമപ്രദേശത്തിലെ ജനസംഖ്യയുടെ ആകത്തുക. ആ ഗ്രാമത്തിനപ്പുറത്തു നടക്കുന്ന സംഭവങ്ങളിലൊന്നും അവർക്കു താല്പര്യമില്ല. ആ ഗ്രാമംതന്നെയാണവരുടെ ലോകം; അതിനപ്പുറത്തെ ഒരു ലോകത്തെപ്പറ്റി ചിന്തിക്കേണ്ട കാര്യംതന്നെ അവർക്കില്ല. അവരങ്ങനെ സമാധാനത്തിലും സംതൃപ്തിയിലും കഴിഞ്ഞുകൂടുകയാണു്. പുരോഗമനത്തിന്റെ പുറംപൂച്ചില്ലാത്ത ആ ജനത ആധുനികലോകത്തിന്റെ മുമ്പിൽ അപവാദങ്ങളായിരിക്കാം. എങ്കിലും അവരന്യോന്യം അഭിമാനപാത്രങ്ങളാണു്. ശാന്തിയും സൗഹൃദവും വഴിഞ്ഞൊഴുകുന്ന ആ ഗ്രാമപ്രദേശത്തും ആയിടെ ചില നുഴഞ്ഞുകയററങ്ങളുണ്ടായി അവരുടെ സമാധാനജീവിതത്തിന്റെ ശവക്കുഴിതോണ്ടിയ അനന്തര സംഭവങ്ങളുടെ അടിത്തറ പണിയുകയായിരുന്നു അതു്. അന്നവരിത്രയൊന്നും കരുതിയില്ല. അവരുടെ നാടു് സ്വർഗ്ഗമാക്കാനും അവരെ വർഗ്ഗബോധമുള്ളവരാക്കാനും തുനിഞ്ഞിറങ്ങിയിട്ടുള്ള ആ പ്രവർത്തകരുടെ മുമ്പിൽ അവരറിയാതെതന്നെ

ശിരസ്സു കുനിച്ചുപോകുകയാണുണ്ടായത്. വ്യവസ്ഥിതി മാററാൻ വന്നിരിക്കുന്ന സഖാക്കൾ! വിപ്ലവബോധത്തിന്റെ വിളനിലങ്ങളാണവർ! അവരുടെ കയ്യിൽ ചുവന്ന ഒരുതരം കൊടിയുണ്ട്. ആ കൊടി കാണുമ്പോൾ ഗ്രാമത്തിലെ പൂത്തുനില്ക്കുന്ന വാകമരങ്ങളെപ്പററിയാണു് ആ സാധുക്കൾ ചിന്തിക്കുക. അവക്കു കിട്ടിയ കൊടിയിന്മേൽ അരിവാളും ചുററികയുമുണ്ട്. അരിവാൾ ആ പാവപ്പെട്ടവരുടെ പണിയായുധമാണു്! ചുററികകൊണ്ടവർ പലപ്പോഴും ജോലിയെടുക്കാറുണ്ട്. അവരാ പൊതുപ്രവത്തകരെ പിടിച്ചുതഴുകി. അവർ കൊടുത്ത ചെങ്കൊടികൾ ആ ഗ്രാമന്തരങ്ങളിൽ പാറിക്കളിച്ചു. കുട്ടികളും വലിയവരും ആ ചെങ്കൊടികളുടെ ചുററുംകൂടി അത്ഭുതപ്പെട്ടു നില്ക്കാറുണ്ട്.

അന്നൊരിക്കൽ ആ ഗ്രാമീണജനത വേലകഴിഞ്ഞു, അന്തിക്കു മടങ്ങിവരുമ്പോൾ ഒരു വമ്പിച്ച ഇരമ്പൽ കേട്ടു. ചുററുമുള്ള വൃക്ഷങ്ങളിലിരുന്നിരുന്ന പക്ഷികളെക്കൂടി പറിപ്പിച്ചുകളഞ്ഞിരുന്ന ഭയങ്കരമായ ഒരു ഇരമ്പൽ! ആ ഗ്രാമത്തിലെ കുട്ടികളെല്ലാംകൂടി ഒരു വലിയ ചെങ്കൊടിയും പിടിച്ചു അണിനിരന്നു നീങ്ങുകയാണു്. ഒന്നുരണ്ടു യുവാക്കൾ അവക്കു നേതൃത്വം കൊടുക്കുന്നു. മുഷ്ടിചുരുട്ടി അന്തരീക്ഷത്തിലേയ്ക്കെറിഞ്ഞുകൊണ്ടു് ആ യുവാവു വിളിച്ചുപറയുന്നു: "ഇൻകിലാബ്-സിന്ദാബാദ്!" ആ കുട്ടികളും അവ്യക്തമായി അതു് പറയുന്നു. നിമിഷം ചെല്ലുന്തോറും ജാഥയ്ക്കു നീളം കൂടിക്കൂടിവന്നു. ശബ്ദവും വദ്ധി

ച്ചുകൊണ്ടിരുന്നു. അവരാ ഗ്രാമത്തിന്റെ നടുവിലുള്ള ഒരു കൊച്ചു് ഓലമാടത്തിലെത്തി. വർണ്ണക്കടലാസ്സുകൊണ്ടു് അലങ്കരിച്ചിരുന്ന ഒരു കൊച്ചു ഓലമാടം! അതിന്റെ മുമ്പിലും ഒരു വലിയ മുളയിന്മേൽ ഒരു ചെങ്കൊടി നാട്ടിയിട്ടുണ്ടു്. ആ കുട്ടികളുടെ ഘോഷയാത്ര ആ മുളയുടെ ചുററും വന്നുനിന്നു. ജാഥ നയിച്ചു മുദ്രാവാക്യം വിളിച്ചു പറഞ്ഞിരുന്ന സഖാവു് ആ കുട്ടികളോടു് അവിടെ തൂക്കിയിരിക്കുന്ന ചെങ്കൊടിക്കു് അഭിവാദ്യം അർപ്പിക്കാൻ പറഞ്ഞു. ആ "നേതാവു"തന്നെ അതു കാണിച്ചുകൊടുത്തു. അവരും അങ്ങനെ ചെയ്തു. മുദ്രാവാക്യങ്ങൾ ഒന്നുകൂടി മുഴക്കി. കുറെകഴിഞ്ഞു് അവരെല്ലാം പിരിഞ്ഞുപോകുകയും ചെയ്തു.

അന്നുരാത്രി കേളൻ വീട്ടിൽചെന്നപ്പോൾ അമ്മ ചോദിച്ചു: "ഇതെന്തെന്നാടാ മോനേ, നീ ഇന്നു വിളിച്ചു പറഞ്ഞിരുന്നേ?"

"ഇങ്കുലാബ്ന്നാ?"

"അതമ്മയ്ക്കു മനസ്സിലായില്ലേ? ഇങ്കുലാബ്ന്നു് വെച്ചാ അരി; സിന്ദാബാദ്ന്നു് വെച്ചാ തുണി."

ആ രംഗം അങ്ങനെ അവസാനിക്കുകയും ചെയ്തു.

*　　*　　*　　*

വർണ്ണക്കടലാസുകൊണ്ടലങ്കരിച്ചിരുന്ന ആ ഓലമാടം എന്നും തുറന്നുവെയ്ക്കുക പതിവായിരുന്നു. ഗ്രാമത്തിലുള്ള കുട്ടികളിൽ പലരും പലപ്പോഴും അവിടെ പോയിരിക്കും.

ഒരു ദിവസം ആ കൊച്ചു് കാലമാടത്തിൻെറ മു മ്പിൽ ഒരു ബോർഡു കണ്ടു. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫീ സ്സ് എന്നു് ചുവന്ന പലകമേൽ വെള്ളച്ചായംകൊണ്ടു് എഴുതിയിരിക്കുന്ന ഒരു ബോർഡ്. ആ ഗ്രാമത്തിലുള്ള പലക്കും അതു വായിക്കുവാൻകൂടി വശമില്ലായിരുന്നു എ ങ്കിലും അവരുടെ നാട്ടിൽ അങ്ങനെ ഒന്നു പുതുമയാണു്. ഒരു ബാർബർഷാപ്പും കാപ്പിക്കടയുമാണു് ആ ഗ്രാമത്തി ലെ ആകപ്പാടെയുള്ള പൊതുസ്ഥാപനങ്ങൾ. സഖാവു് ശേഖറിൻെറ ആഭിമുഖ്യത്തിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി ആ പ്പീസും അവിടെ ഒരു പൊതുസ്ഥാപനമായിത്തീന്നു. ഗ്രാ മത്തിലെ കരിമാടിക്കുട്ടന്മാർ ആ ഓഫീസിൽ ഓടിക്കൂടി. സഖാവു് ശേഖർ അവക്കു പല കഥകളും പറഞ്ഞുകൊ ടുക്കുക പതിവായി.

പാർട്ടിയിൽ വളരെനാൾ പരിശീലനം കിട്ടിയിട്ടു ള്ള ഒരാളാണു് ശേഖർ. എങ്ങനെയാണു് മററുള്ളവരെ പാർട്ടിയിലേയ്ക്കു് ആകർഷിക്കുകയെന്നു് അയാൾക്കറിയാം.

വഷങ്ങൾ ഒന്നുരണ്ടങ്ങനെ നീങ്ങി. കമ്മ്യൂണിസ്റ്റ് പാർട്ടി രാജ്യവ്യാപകമായ ഒരു വിപ്ലവം അഴിച്ചുവിട്ടു. ആ ഗ്രാമത്തിലും സഖാവു് ശേഖറിൻെറ നേതൃത്വത്തിൽ എ ന്തൊക്കെയോ പരിശ്രമങ്ങൾ നടന്നിരുന്നു. ഇരുളിൻെറ മറവിൽ ശേഖറിനേയും അയാളുടെ അഞ്ചെട്ടു് അനുയാ യികളേയും ആ ഗ്രാമപ്രദേശത്തിൻെറ പല ഭാഗങ്ങളി ലുംവെച്ചു പലരും കാണാറുണ്ടായിരുന്നു. അവിടത്തുകാ ക്കൊന്നും അതേപ്പററി യാതൊന്നുമറിഞ്ഞുകൂടാ. അവര വരുടെ ദിനചര്യകളുമായി മുന്നേറി.

ഒരു ദിവസം രാത്രി ശേഖർ കേളൻെറ മാടത്തിൽ കയറിവന്നു. രണ്ടുകൊല്ലംമുമ്പ് ഇങ്കുലാബ് വിളിച്ച കേളനല്ല ഇന്ന്. ശേഖറിൻെറ കൂട്ടാളിയായ ഒരു "നേതാ" വാണവൻ. ശേഖർ അവനെ അവിടത്തെ ബാലസംഘത്തിൻെറ നേതാവാക്കിയിരിക്കയാണ്. ശേഖറിൻെറ അപ്രതീക്ഷിതമായ ആഗമനത്തെപ്പററി കേളനൊന്നും മനസ്സിലായില്ല

"സഖാവ് എന്താ ഈ നേരത്ത്?" കേളൻ ശേഖറിനോട് ചോദിച്ചു.

"ഒന്നും പറയണ്ട. ഇന്നു രാത്രി കഴിയട്ടെ" ശേഖർ പറഞ്ഞു. ശേഖറിൻെറ ശരീരം കിടുകിടെ വിറയ്ക്കുന്നുണ്ടായിരുന്നു. അയാൾ സാവകാശം വിവരമെല്ലാം പറഞ്ഞുതീർത്തു. കേളനു സഹിച്ചില്ല. അവൻെറ പ്രിയപ്പെട്ട സഖാവിനെ പോലീസു പിടിക്കാൻ നടക്കുകയോ? അവനതു ഓർക്കാൻകൂടി കഴിഞ്ഞില്ല.

ആഴ്ചകൾ മാസങ്ങളായി രൂപാന്തരപ്പെട്ടു. പകലെല്ലാം അടുത്തുള്ള കുററിക്കാടുകളിലും രാത്രി കേളൻെറ വീട്ടിലുമായി ശേഖറിൻെറ ജീവിതം. പുറത്തുവന്നാൽ പോലീസ് അവനെ പിടിച്ചുകൊണ്ടുപോകും.

ദിവസങ്ങൾ പിന്നേയും കുറെ നീങ്ങി. ഒരു ദിവസം കേളൻ കേട്ടു ശേഖറിനെ പോലീസ് പിടിച്ചുവെന്ന്. അവന്ന് സങ്കടം സഹിച്ചില്ല. അവൻെറ അമ്മയും അന്നു കുറെയേറെ കരഞ്ഞു. കാലത്തേ ഏഴുമണിക്കു ശേഖർ അവരുടെ വീട്ടിൽനിന്നു പോയതാണ്. കുററിക്കാട്ടിൽ വെച്ച് പോലീസ് അവനെ പിടിച്ചു. അവരവനെ മൂന്നു

നാലുനാഴിക അകലെയുള്ള പോലീസ് സ്റ്റേഷനിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

അന്നു സമയം ഏതാണ്ട് ഇരുട്ടിത്തുടങ്ങി. കേളൻ പരിയപ്പുറത്തു വിഷാദിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൻെറ സഖാവിനെ ആ പോലീസുകാർ എന്തു ചെയ്തിരിക്കുമെന്നാണ് അവൻെറ ചിന്ത. അതാ പെട്ടെന്നു് അപ്പുറത്തു ചില ചടപടാ ശബ്ദംകേട്ടു. കേളൻ ചാടിയെഴുന്നേററു. സഖാവു് ശേഖർ രണ്ടുമൂന്നു പോലീസുകാരുടെ അകമ്പടിയോടുകൂടി അവിടെ നില്ക്കുന്നു! പോലീസുകാരുടെ രൂക്ഷമായ നോട്ടത്തിൽ കേളൻ കിടുകിടെ വിറച്ചുപോയി. "നീയാണൊ കേളൻ?" ഒരു പോലീസുകാരൻ ഗർജ്ജിച്ചു.

"ഞാൻതന്നെ ഏമാന്നെ" കേളൻ എലിപോലെ വിറച്ചുകൊണ്ടു പറഞ്ഞു.

"നിൻെറ അമ്മയിവിടെയില്ലേടാ?" ആ പോലീസുകാരൻതന്നെ വീണ്ടും ചോദിച്ചു.

"അമ്മ വന്നാട്ട്ല്ല" കേളൻ പറഞ്ഞു.

"എപ്പോ വരും?" അയാൾ തിടുക്കംകൂട്ടി.

"വെരാറായി" കേളൻ അല്പം പിന്നോട്ടുനീങ്ങി.

സായാഹ്നസൂര്യൻ ആ കുററിക്കാടുകൾക്കിടയിലൂടെ താണുപോകുകയായിരുന്നു. കേളൻെറ അമ്മ—ആ പാവപ്പെട്ട പുലയസ്ത്രീ—ഓടിക്കിതച്ചെത്തി. മാടത്തിൻെറ മുററത്തു് അക്ഷമരായി നില്ക്കുന്ന പോലീസുകാരേയും അവരുടെ നടുവിൽ നില്ക്കുന്ന ശേഖറിനേയുമാണു് ആ സ്ത്രീ അവിടെ കണ്ടതു്. അവൾക്കൊന്നും മനസ്സിലായില്ല!

"ഉം...നടക്കു പോലീസ്സ്റ്റേഷനിലേയ്ക്കു" ആ പോലീസുകാർ അലറി.

"കണ്ട റൌഡികൾക്കു കയറിത്താമസിക്കാൻ സ്ഥലംകൊടുത്തിരിക്കുന്ന കള്ളവകകൾ!"

കേളനും ആ പാവപ്പെട്ട പുലയസ്ത്രീയും നടന്നു. ആലിലപോലെ വിറച്ചുകൊണ്ടുള്ള ഒരു നടപ്പ്. അവരുടെ കാലുകൾ മുന്നോട്ടു നീങ്ങിയില്ല. എങ്കിലും അവർ നടന്നു.

കേളനേയും അമ്മയേയും പോലീസു കൂട്ടിക്കൊണ്ടുപോയ വിവരം ആ ഗ്രാമത്തിലെങ്ങും കാട്ടുതീപോലെ പരന്നു. സൗഹാർദ്ദവും സ്നേഹവുമുള്ള ആ ഗ്രാമീണർക്കതു് സഹിച്ചില്ല. അവരിൽ പലരും പോലീസ്സ്റ്റേഷനിലേയ്ക്കു യാത്രയായി. എന്തും വരട്ടെയെന്നുകരുതി ആ പാവപ്പെട്ടവർ നടന്നു.

കേളനു് തലചുററുന്നതുപോലെ തോന്നി. തോക്കും കുന്തവും നിരത്തിവെച്ചിരിക്കുന്ന ഒരു മുറി. അതിലേയ്ക്കാണു് അവരാനയിക്കപ്പെട്ടതു്. പരിഭ്രമംകൊണ്ടു് കേളനും അമ്മയ്ക്കും എന്താണു് ചെയ്യേണ്ടതെന്നു് മനസ്സിലായില്ല. അവിടെ കസേരയിലിരിക്കുന്ന ഒരു പോലീസുകാരൻ കേളന്റെ അമ്മയോടു ചിലതെല്ലാം ചോദിച്ചു. അവരല്പം പരുങ്ങി. അപ്രതീക്ഷിതമായ ഒരനുഭവമായിരുന്നു അതു്. ഒരു പോലീസുകാരൻ ആ പാവപ്പെട്ട സ്ത്രീയുടെ മുഖത്തു നോക്കി ഒരടി. കേളൻ വാവിട്ടു നിലവിളിച്ചു. അവനും കിട്ടി ഒന്നു്–"മിണ്ടിപ്പോകരുതു്" അയാൾ പറഞ്ഞു.

"ഉം...നാശംപിടിച്ചവററ! പൊയ്ക്കോ" ആ പോലീസധികാരി ഒരുവിധത്തിൽ അനുവദിച്ചു. കേളനും അ

മ്മയും കരഞ്ഞുകൊണ്ടു യാത്രയായി. ആ സാധുക്കളെ പ്രതീക്ഷിച്ച് അവരോട് അനുകമ്പയുള്ള അനവധി ഗ്രാമീണർ അവിടെ കൂടിയിരുന്നു. അവരൊരുമിച്ച് അവരവരുടെ വീടുകളിലേയ്ക്കു മടങ്ങി.

"ഞാനിത്ര പാടുപെട്ട് തീറ്റകൊടുത്തിട്ട് അവനെനിക്കുതന്ന 'സമ്മാനം' ആ പാവപ്പെട്ട പുലക്കള്ളി വഴിയിൽവെച്ചു പറഞ്ഞു. പോലീസുകാരൻെറ കററയടിയുടെ മുമ്പിൽ തനിക്ക് അഭയംനല്കിയ ആ പാവപ്പെട്ട പുലക്കള്ളിയുടെ പേർ ശേഖർ പറഞ്ഞുകൊടുത്തു. നിരപരാധിയായ ആ സ്ത്രീയ്ക്കനുഭവിക്കേണ്ടിവന്ന മർദ്ദനത്തിൻെറ കാരണമതായിരുന്നു. അവർ ശേഖറിനെ സ്വന്തം മകനെപ്പോലെ താലോലിച്ചു. അതിനവക്കു കിട്ടിയ പ്രതിഫലം! കേളൻെറ അമ്മയ്ക്ക് അതോത്തപ്പോഠം സഹിച്ചില്ല. ആ ഗ്രാമീണരിൽ പ്രതികാരബുദ്ധി ആളിക്കത്തുന്നതുപോലെ തോന്നി. അവരുടെ ഗ്രാമത്തിൻെറ സമാധാനാന്തരീക്ഷത്തെ നശിപ്പിച്ച ഭയങ്കര സംഭവം! അതോത്തപ്പോഠം അവക്കെന്തെന്നില്ലാത്ത നിരാശയുണ്ടായി. പിറേറന്ന് ആ ഗ്രാമത്തിലെ ഒരു കൊച്ചു പെൺകുട്ടി പാടുന്നതുകേട്ടു:

"കുട്ടാടൻപാടത്തു കട്ടതട്ടുമ്പോ-
ളൊപ്പംതട്ടണം കമ്മുക്കളെ."

ആ ഗാനശകലം ആ ഗ്രാമാന്തരീക്ഷത്തിൽമാത്രം തങ്ങിനിന്നില്ല. അതവിടെനിന്ന് അലച്ചുയന്നു. ഒരു നവ്യസന്ദേശത്തിൻെറ ദിവ്യദ്ധ്വനിയായി ആ ഗാനസ്വനം നാടുനാടാന്തരം ചുററിനടന്നു.

# അന്നും ഇന്നും

കാലത്തെയുള്ള മഴയ്ക്കുശേഷം സൂര്യരശ്മികൾക്ക പൂർവ്വാധികം ശോഭയുണ്ടായിരുന്നു. മഴച്ചാറൽ മാറിയെങ്കിലും കൈച്ചാലുകളിലും തോടുകളിലുംകൂടി ചെളിവെള്ളം ധാരധാരയായി ഒഴുകിക്കൊണ്ടിരിക്കുന്നു. ഓട്ടമ്പുറത്തു തങ്ങിനില്ക്കുന്ന വെള്ളത്തുള്ളികൾ പ്രഭാതരശ്മികൾ തട്ടി ഇളം ചെമപ്പു നിറത്തിലുള്ള മുത്തുമണികളെപ്പോലെ നിലത്തു വീഴുന്നുണ്ട്. മഴ മാറിയതിലുള്ള ആഹ്ളാദംകൊണ്ടോ എന്തോ അടുത്തുള്ള തേന്മാവിൽ ഇരുന്ന് ഒരു പൂങ്കുയിൽ മധുരമായി പാടിക്കൊണ്ടിരുന്നു. അങ്ങകലെ മാറി കടലിരമ്പുന്ന ശബ്ദം അപ്പോഴും കേൾക്കാം. ഞങ്ങളുടെ തെങ്ങിൻപറമ്പിൽനിന്നു വെള്ളത്തുള്ളികളും പൂക്കിലകളും ഒപ്പം പൂവർഷം ചൊരിഞ്ഞുകൊണ്ടിരുന്നു.

അന്നൊരു ശനിയാഴ്ചയാണ്. കാലത്തെ അമ്മ തന്ന കാപ്പി കുടിച്ചു ഞാൻ മുററത്തേയ്ക്കിറങ്ങി.

"ലില്ലീ കുഞ്ഞിക്കഞ്ഞിവെച്ചു കളിക്കാം" ഞാൻ ലില്ലിയെ വിളിച്ചു.

"ഉം" അവൾ സമ്മതം മൂളി. ഞങ്ങൾ കളി തുടങ്ങി. ലില്ലി—അമ്മ, ഞാൻ—അപ്പൻ, എൻെറ കൊച്ചനുജന്മാർ-ഞങ്ങളുടെ മക്കൾ. ലില്ലിയുടെ കൊച്ചാങ്ങള-ഞങ്ങളുടെ വീട്ടിൽ വന്നിരിക്കുന്ന വിരുന്നുകാരൻ. വിരുന്നുകാരനു വിരുന്നൊരുക്കാനുള്ള ശ്രമമാണ് ഇനി. കുഞ്ഞിക്കഞ്ഞിവെച്ചു കളിക്കുന്നതിലെ പ്രധാന ചടങ്ങും അതുതന്നെയായിരുന്നു,

പൂഴിമണ്ണുകൊണ്ടുള്ള ചോറും കല്ലുകൊണ്ടുള്ള കറിയും പളുങ്കുകഷണങ്ങൾകൊണ്ടുള്ള പലഹാരങ്ങളും ലില്ലി തയ്യാറാക്കി. എല്ലാം ക്ഷണനേരംകൊണ്ടു കഴിഞ്ഞു. അടുത്തത് ഊണിനുള്ള ഒരുക്കമാണ്; ഞങ്ങളെല്ലാവരും ഊണിന് ഇരുന്നു. ലില്ലിതന്നെ ഇലവെച്ചു. അവൾ "അമ്മ"യാണ്.

ആദ്യംതന്നെ അതിഥിയ്ക്കു വിളമ്പി. പിന്നെ ഞങ്ങൾക്ക്. ചോറും കറിയും പലഹാരങ്ങളും യഥായോഗ്യം നിരന്നു. എല്ലാവരും ഊണുതുടങ്ങി. ഏതാണ്ടു പതിനഞ്ചു മിനിററുകൊണ്ടു് ആ കളി അങ്ങനെ അവസാനിക്കുകയും ചെയ്തു.

ലില്ലിയും ഞങ്ങളും അയൽപക്കക്കാരാണ്. സ്കൂളില്ലാത്ത ദിവസങ്ങളിൽ ഞങ്ങളങ്ങനെ കളിക്കാറുണ്ടു്. നിഷ്കളങ്കതയുടെ നീരുറവകൾപോലെ ബാല്യത്തിൻെറ നിർ

ഢരിയിൽ ഞങ്ങളിരുവരും ഇഴുകിച്ചേർന്നു വളൎന്നുവരി കയാണു്.

ദിവസങ്ങളങ്ങനെ നീങ്ങുകയായിരുന്നു. ഞാനും ലില്ലിയും ഒരുമിച്ചാണു് സ്കൂളിൽ പോകുക. ഞങ്ങൾ ഒരുമിച്ചു മടങ്ങുകയും ചെയ്യും. ഞങ്ങളങ്ങനെ കൈ കോൎത്തുപിടിച്ചുകൊണ്ടു വളൎന്നു. കവിതതോന്നുന്ന ഞങ്ങ ളുടെ അന്നത്തെ ആ കാൽവെപ്പിൽ ആരെല്ലാം മോഹ നസ്വപ്നങ്ങൾ കണ്ടിട്ടുണ്ടോ? ആവോ?

കാലം അതിൻെറ ചിറകുവിടൎത്തി പറന്നുകൊ ണ്ടിരുന്നു. അക്കൊല്ലം ഞാനും ലില്ലിയും നാലാം ക്ലാസ്സി ൽനിന്നു ജയിച്ചു. ഇംഗ്ലീഷ് സ്കൂളിൽ ചേൎന്നു പഠി ക്കാൻ ലില്ലിയുടെ സാമ്പത്തിക സ്ഥിതി അന്നനുവദിച്ചി ല്ല. ലില്ലിയുടെ അപ്പൻ—ഔസേപ്പുചേട്ടൻ—സാഹച ൎയ്യങ്ങളുടെ സമ്മൎദ്ദംമൂലം തൻെറ ഓമനമകളുടെ വിദ്യാ ഭ്യാസ ജിവിതത്തിനു വിരാമമിടാൻതന്നെ തീൎച്ചയാക്കി. സാമാന്യം നല്ല നിലയിൽ കഴിഞ്ഞുകൂടിയിരുന്ന ഒരു കുടും ബമായിരുന്നു അതു്. ഔസേപ്പുചേട്ടൻെറ ധൂൎത്തടിപ്പും മറിയംചേടത്തിയുടെ പിടിപ്പില്ലായ്മയും ആ കുടുംബത്തെ സാമ്പത്തികാധഃപതനത്തിൻെറ വഴിവക്കിലെത്തിച്ചു. ആൎത്തലച്ചുവന്ന ജിവിതഭാരം താങ്ങാനാവാതെ ആ ഭവ നശിഖരം നിലംപതിച്ചു.

എനിക്കോൎമ്മവെയ്ക്കുന്ന കാലത്തു ഞങ്ങളുടെ അയൽ പക്കത്തു് ഏററവും സുഭിക്ഷതയിൽ കഴിഞ്ഞുകൂടിയിരുന്ന ഒരു കുടുംബമായിരുന്നു അതു്. ലില്ലിയും മേരിയും പട്ടുപാ വാടയും സിൽക്കുടുപ്പും ധരിച്ചു സ്കൂളിലേയ്ക്കു പോകുമ്പോൾ

ഞാനമ്മയോടു പറഞ്ഞിട്ടുണ്ട്, എനിക്കും ഒരു നല്ല സിൽക്കഷർട്ടും ട്രൌസറും എടുത്തുതരാൻ. പരിതഃസ്ഥിതികളുടെ പ്രാതികൂല്യങ്ങളെ കടിച്ചിറക്കിക്കൊണ്ടിരുന്ന എൻെറ അമ്മ എന്നെ ആശ്വസിപ്പിച്ചുകൊണ്ടു പലതും പറയും. ഞാനമ്മയുടെ ആശ്വാസവാക്കുകളിൽ തൃപ്തിപ്പെടുകയും ചെയ്യും.

ലില്ലിയെക്കൂടാതുള്ള ഒരു സ്കൂൾജീവിതം എനിക്കുത്സാഹമായി തോന്നി. ഇണപിരിഞ്ഞ കപോതത്തെപ്പോലെയാണ് അന്നു ഞാൻ സ്കൂളിൽ പോയിരുന്നതു്. അവളെക്കൂടാതെ ഒരുമണിക്കൂർ എനിയ്ക്കു ചിലവഴിക്കാൻ കഴിഞ്ഞില്ല. നാലുമണിക്കു സ്കൂൾ നിർത്തിവന്നാൽ ഞാൻ ലില്ലിയുടെ വീട്ടിലേയ്ക്കോട്ടം. കളിയ്ക്കാൻ അമ്മ വിളിക്കുമ്പോഴെ പിന്നെ ഞാൻ അവിടെനിന്നു മടങ്ങാറുള്ളൂ. ഹൃദയം ഹൃദയത്തോടു സംസാരിച്ചിരുന്ന ആ സുദിനങ്ങൾ ഇന്നെന്നെ പുളകിതഗാത്രനാക്കുന്നു. പക്ഷേ, ആ ദിവസങ്ങളും അധികകാലം നീണ്ടുനിന്നില്ല. എൻെറ പ്രിയപ്പെട്ട ലില്ലി എന്നിൽനിന്നും വേർപെടുത്തപ്പെട്ടു. അമ്മ പറഞ്ഞപ്പോഴാണു ഞാനതു് ആദ്യമായിട്ടു കേട്ടതു്. ലില്ലിയുടെ അപ്പൻ ഔസേപ്പുചേട്ടൻ പുരയിടം വിററു ദൂരത്തെങ്ങാണ്ടു പോകുവാണെന്നും! തീർച്ചയായിട്ടും അതു് എന്നെ ഞെട്ടിപ്പിച്ച ഒരു സംഭവമായിരുന്നു. എൻെറ പ്രിയപ്പെട്ട ലില്ലിയെ വിട്ടുപിരിയാൻ എനിക്കത്രയേറെ വൈമനസ്യമുണ്ടു്. ലില്ലി എന്നോടു യാത്രപറഞ്ഞു പിരിഞ്ഞ ആ രംഗം ഇന്നും ഞാനോക്കുന്നു. അവളുടെ ആ തുടുതുടുത്ത കവിൾത്തടങ്ങളിൽക്കൂടി പ്രവഹി

ച്ച് എൻെറ ഷർട്ടിൽ വീണ കണ്ണീർത്തുള്ളികഠം ആ രംഗത്തിനു സാക്ഷ്യം വഹിക്കുന്നു.

ലില്ലിയുടെ കുടുംബം വടക്കേ മലബാറിൽ എവിടേയ്ക്കോ താമസം മാററുന്നതെന്നാണ് അന്നു ഞങ്ങഠം അറിഞ്ഞിരുന്നത്. കുറെ നാളത്തേയ്ക്കു് അവരെപ്പററിയുള്ള വിവരങ്ങളും നിരന്തരമായി ലഭിച്ചുകൊണ്ടിരുന്നു. കാലചക്രം തിരിയുകയായിരുന്നു. ഭൂമുഖത്തു പലപരിവത്തനങ്ങളും വരുത്തിവച്ചുകൊണ്ടു് നീണ്ടസംവത്സരങ്ങഠം അഞ്ചാറു കടന്നുപോയി. ലില്ലിയുടെകുടുംബത്തെപ്പററിയുള്ള വിവരങ്ങളൊന്നുംഇന്നുഞങ്ങളുടെനാട്ടുകാക്കാക്കും അറിഞ്ഞുകൂടാ. ജീവിതത്തിൻെറ വ്യഗ്രതയിൽ എൻെറ ലില്ലിയുടെ കാര്യം ഞാനും വിസ്മരിച്ചുകളഞ്ഞു! ലോകത്തിൻെറഒരുകോണിൽ അവളൊരു പൂമ്പാററയെപ്പോലെ പാടിപ്പറന്നു കളിക്കുന്നുണ്ടാകാം.

*  *  *  *  *

അക്കൊല്ലം എസ്. എസ്. എൽ. സി. പരീക്ഷയിൽ ഞാൻ ജയിച്ചു. ഉന്നതവിദ്യാഭ്യാസത്തിനു പോകാൻ എനിക്കാഗ്രഹമുണ്ടായിരുന്നു. പക്ഷേ, സാമ്പത്തികപരിതഃസ്ഥിതികഠം എൻെറ ആഗ്രഹത്തിനു വിലങ്ങുതടിയിട്ടു. ലൗകികസുഖൈശ്വര്യങ്ങളുടെ അത്യുച്ചകോടിയിലിരുന്നുകൊണ്ടു് ഒരു കൂട്ടർ ആനന്ദനൃത്തം ചെയ്യുന്ന ഒരു ലോകത്തിൽ വളരാനും വികസിക്കാനും ആഗ്രഹമുള്ള ഒരു യുവാവിൻെറ ഹൃദയത്തെ കുച്ചുവിലങ്ങിട്ടു പിടിച്ച സാമൂഹ്യവ്യവസ്ഥിതിയെ ഞാൻ ആത്മനാ പഴി

ച്ചു. ദുഷിച്ച സാമുദായികനീതിയുടെ മാറാല പിടിച്ച മാറാപ്പു കണ്ടപ്പോഠം ഞാൻ ജീവിതത്തെത്തന്നെ വെറുത്തു. നിരാശയിൽനിന്നു നെയ്തെടുത്ത ഒരു ചുവപ്പുകുപ്പായവുമായി ഞാനന്നാട്ടിലെ "പാവപ്പെട്ടവൻെറ പാർട്ടി"യെ ശരണംഗമിച്ചു. അവരെന്നെ ഹാർദ്ദമായി സ്വീകരിക്കുകയും ചെയ്തു.

സഖാവെന്ന ആ അക്ഷരത്രയത്തോടുകൂടിയാണു പിന്നെ ഞാൻ അന്നാട്ടിൽ അറിയപ്പെട്ടതു്. ഒരു കൂട്ടർ എന്നെ നോക്കി പല്ലിറുമ്മി; വേറൊരുകൂട്ടർ എന്നെ നോക്കി പരിഹസിച്ചു. പക്ഷേ, പാവപ്പെട്ടവൻെറ "സ്വർഗ്ഗരാജ്യം" പണിയാൻ പോകുന്ന ഞാനുണ്ടോ വല്ലതും വക വെയ്ക്കുന്നു? സമുദായത്തിൻെറ അധികപ്പററായ ദുഷിച്ച മുതലാളിവർഗ്ഗം എൻെറ നേരെ ചന്ദ്രഹാസമിളക്കട്ടെ. ലിബറലിസ്ററു വൈതാളികന്മാർ എൻെറ നേരെ പല്ലിറുമ്മട്ടെ: ഞാനതിൽ ഖേദിച്ചില്ല. പക്ഷേ, എൻെറ സ്വന്തം വീട്ടുകാർതന്നെ എന്നെ വെറുത്തപ്പോഠം ഞാനൊന്നമ്പരന്നു. ഒരു കുഷ്ഠരോഗിയേക്കാഠം ഉപരിയായി എന്നെ സമുദായം വെറുക്കുന്നു. എന്നെപ്പററിയുള്ള അപവാദങ്ങളും അതിരുകവിഞ്ഞ പ്രചരണങ്ങളും ആ നാടെങ്ങും പരന്നു. പലക്കും ഞാനിന്നൊരു നോട്ടപ്പുള്ളിയാണു്. എന്നെ നയിക്കുന്ന നേതൃത്വത്തിനു് എന്തെങ്കിലുംതകരാറുകളുണ്ടോ? ആയിടെ ഞാനാലോചിച്ചു. വളരെനാളത്തേയ്ക്കു ഉത്തരം കിട്ടാത്ത ഒരു ചോദ്യംപോലെ അതെൻെറ മുമ്പിൽ തങ്ങിനിന്നു. നിശയുടെ നിശ്ശബ്ദതയിലും

പകലിന്റെ ഏകാന്തതയിലും ഞാൻ ഗാഢമായി ചിന്തിച്ചു. വീണ്ടും വീണ്ടും ചിന്തിച്ചു.

അങ്ങനെയിരിക്കെയാണ് സഖാവു രേണുക ഞങ്ങളുടെ പാർട്ടി ആപ്പീസ് സന്ദർശിക്കാൻ വരുന്നുണ്ടെന്നെനിക്കു മനസ്സിലായത്. പാർട്ടിഘടകങ്ങൾക്കിടയിൽ വിജ്ഞാനംകൊണ്ടും വിപ്ലവാവേശംകൊണ്ടും മുൻപന്തിയിലിരുന്നിരുന്ന ഒരു സ്ത്രീ ആയിരുന്നു അവർ. കമ്മ്യൂ. പാർട്ടിക്കാർ അവരെ പൂവിട്ടു പൂജിച്ചുകൊണ്ടു നടക്കുകയാണ്. നാടുതോറും സ്വീകരണത്തിന്റേയും സംഭാവനപിരിവിന്റേയും പേരിൽ നല്ലൊരുതുക സഖാവു രേണുകയ്ക്കു വരവുണ്ടായിരുന്നു.

സഖാവു രേണുകയെ കാണാൻ ഞാൻ പ്രത്യേകം അനുവാദം വാങ്ങിയിരുന്നു. എന്റെ സംശയങ്ങളെല്ലാം ഒരു കടലാസുതുണ്ടിൽ കുറിച്ചുകൊണ്ടു ഞാനവർക്കു കൊടുത്തു. അവരുടെ "വിലയേറിയ" മറുപടിക്കുവേണ്ടി ഞാൻ കാത്തിരുന്നു. സഖാവു രേണുക പറഞ്ഞുതുടങ്ങി: "വിപ്ലവത്തിന്റെ ആദ്യഘട്ടത്തിൽ തലകൊയ്യലും മററും വേണ്ടിവരും. ദൈവത്തെപ്പററിയുള്ള ചിന്തയോടുകൂടി ഒരു മാർക്സിസ്റ്റിനും വിപ്ലവവിജയത്തിനുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുകയില്ല...."

കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ ആ ആചാര്യയുടെ മുഖത്തുനിന്നുവന്ന വചനങ്ങളെല്ലാം അതേപടിതന്നെ ഞാനെഴുതിയെടുത്തു. അവർക്കു പ്രത്യേകം ഉപകാരം പറഞ്ഞുകൊണ്ടു ഞാനന്നു പിരിയുകയും ചെയ്തു.

കമ്മ്യൂ. പാർട്ടിഓഫീസിലേയ്ക്കു പോകാൻ എനിക്കിപ്പോഠം ഇഷ്ടമില്ലാതായിത്തുടങ്ങി. എങ്കിലും സഹചാര്യങ്ങളുടെ സമ്മർദ്ദംമൂലം കുറേനാളത്തേയ്ക്കുകൂടി ഞാനങ്ങോട്ടു പൊയ്ക്കൊണ്ടിരുന്നു. ഓഫീസിൽ ചെന്നിരുന്നാൽ എനിക്കിപ്പോഠം ഏററവുമധികം ഇഷ്ടം വാദപ്രതിവാദമാണ്. എന്നോടു സംസാരിച്ചിരുന്ന സഖാക്കഠംക്ക് എൻെറ നേരേ മുറുമുറുപ്പു തോന്നിത്തുടങ്ങി; എങ്കിലും അവരതു പുറത്തു കാണിച്ചില്ല. ദിവസങ്ങഠം ഒരുവിധത്തിൽ അങ്ങനെ നീങ്ങിക്കൊണ്ടിരുന്നു– സാത്താൻെറയും കടലിൻെറയും ഇടയിൽപ്പെട്ടു തുടിച്ചുകൊണ്ടിരുന്ന ദിവസങ്ങഠം!

അടുത്ത ആഴ്ച നടക്കാനിരിക്കുന്ന വമ്പിച്ചൊരു സാമൂഹ്യസമ്മേളനത്തിന് ആ പട്ടണം അണിഞ്ഞൊരുങ്ങുകയാണു്. സമ്മേളനദിവസങ്ങളിൽ പരിപൂർണ്ണമായും അതിൽ പങ്കുകൊള്ളാൻ എനിക്കാഗ്രഹം തോന്നി. കൊടുങ്കാററടിച്ചാടിക്കൊണ്ടിരിക്കുന്ന എൻെറ ഹൃദയനൗകയെ പിടിച്ചുനിറുത്താൻ ആ സുദിനങ്ങഠം പര്യാപ്തമാകുമെന്നുള്ള പ്രതീക്ഷയാണ് എനിക്കാവിഷയത്തിൽ ഇത്രയേറെ അഭിനിവേശമുണ്ടാക്കിത്തീർത്തതു്.

സമ്മേളനച്ചടങ്ങുകളിൽ പങ്കുകൊള്ളാൻ എൻെറ ഹൃദയം വെമ്പൽകൊണ്ടു. അവിടെ നടക്കുന്ന പ്രസംഗങ്ങളിൽനിന്ന് എൻെറ ഹൃദയദാഹമടക്കാൻ എന്തെങ്കിലും ലഭിച്ചാൽ കൃതാർത്ഥനായി എന്ന ചിന്തയാണ് എന്നെ ഏററവും അധികം സന്തോഷിപ്പിച്ചിരുന്നതു്.

അന്നു വൈകുന്നേരമാണ് സാമൂഹ്യ സമ്മേളനത്തിൻെറ ഉദ്ഘാടനം. സ്ത്രീകളും പുരുഷന്മാരുമായി വമ്പിച്ചൊരു ജനസഞ്ചയം അവിടെ തടിച്ചുകൂടിയിട്ടുണ്ട്. സമ്മേളനഹാളിൻെറ മുമ്പിലെ പന്തിയിൽത്തന്നെ ഞാൻ സ്ഥലം പിടിച്ചു. “തീപ്പൊരി”പ്രസംഗങ്ങളും “പൊടിപാററി” പ്രസംഗങ്ങളും നാലഞ്ചു് അവിടെ നടന്നു. സൗന്ദര്യവതിയായ ഒരു യുവതിയും പ്രസംഗമണ്ഡപത്തിൽ ഉപവിഷ്ടയായിട്ടുണ്ട്. അവരുടെ പ്രസംഗം കേൾക്കാൻ പലരും അക്ഷമരായി കാത്തുനില്ക്കുന്നതുപോലെ എനിക്കു തോന്നി.

വികാരോജ്ജ്വലമായ അവരുടെ പ്രസംഗവും തുടങ്ങി. സാംസ്കാരികരംഗത്തു ഫ്യൂഡലിസവും കമ്മ്യൂണിസവും വരുത്തിവെച്ചിട്ടുള്ള നാശങ്ങളെ ഓരോന്നോരോന്നായി അവർ എടുത്തുകാട്ടി. സദസ്സിൽനിന്നു കൂട്ടച്ചിരികളും ഹിയറുവിളികളും പൊങ്ങി. വമ്പിച്ചൊരു ഹർഷാരവത്തിന്നിടയിൽ അവരുടെ പ്രസംഗവും അവസാനിച്ചു.

കമ്മ്യൂണിസത്തെപ്പററി ഇത്രയേറെ ഗ്രഹിച്ചിട്ടുള്ള ആ യുവതിയുമായി പരിചയപ്പെടണമെന്നെനിക്കു തോന്നി. പിറേറദിവസത്തെ തപാലിൽ ഞാനവക്കൊരു കത്തെഴുതി. വികാര വിചാരങ്ങളുടെ ഓളങ്ങളിൽപ്പെട്ടു ഓളങ്ങളോപോലെ മറിയുന്ന എൻെറ ഹൃദയവ്യാപാരം തികച്ചും വ്യക്തമാക്കുന്നൊരു കത്തായിരുന്നു അതു്. അടുത്ത മെയിലിൽത്തന്നെ അവരതിന്നു് മറുപടിയയച്ചു. സേവനസന്നദ്ധമായ ഒരു യുവഹൃദയത്തെ കമ്മ്യൂണിസ

ത്തിൻെറ കരാളഹസ്തങ്ങളിൽ നിന്നു മോചിപ്പിക്കാൻ തനിക്കു വളരെയേറെ ആഗ്രഹമുണ്ടെന്നും തമ്മിൽ നേരിട്ടു കണ്ടു സംസാരിക്കുന്നതു് കൂടുതൽ ഉചിതമായിരിക്കുമെന്നും അവരതിൽ ചൂണ്ടിക്കാട്ടിയിരുന്നു.

സ്നേഹതരളിതമായ ആ ക്ഷണം സ്വീകരിക്കാൻതന്നെ ഞാൻ നിശ്ചയിച്ചു. അടുത്ത ദിവസത്തെ കൊച്ചിൻ എക്സ്പ്രസ്സിനു് ഞാ ൻ കോയമ്പത്തൂർ ചെന്നിറങ്ങി. പബ്ളിക്ക പാക്കിന്നടുത്തുള്ള ആ ഇരുനിലക്കെട്ടിടത്തിൽ അവരെന്നെ കാത്തിരുപ്പുണ്ടായിരുന്നു. കുശലപ്രശ്നാനന്തരം ഞങ്ങൾ പോളിററിക്സിലേയ്ക്കു കടന്നു. ഇടയ്ക്കിടയ്ക്കു് എന്നെപ്പററിയുള്ള വിവരങ്ങളും അവർ ശേഖരിച്ചുകൊണ്ടിരുന്നു. ഞാനിതിനെല്ലാം ഉത്തരവും കൊടുത്തുകൊണ്ടിരുന്നു. എന്നേയും എൻെറ കുടുംബത്തേയും പററി എത്ര ചോദിച്ചിട്ടും അവക്കു മതിയാകുന്നില്ല. ഞാനതെല്ലാം വിവരിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ മുഖത്തുണ്ടാകുന്ന ചില ഭാവഭേദങ്ങളും ഞാൻ സൂക്ഷിച്ചു. നീണ്ട നിമിഷങ്ങൾ പലതു കടന്നുപോയി. ഒടുവിൽ അവർ ചോദിച്ചു: "തെങ്ങിൻപറമ്പിൽ കുഞ്ഞിക്കഞ്ഞിവെച്ചു് കളിച്ചിരുന്ന ലില്ലിയെ ഓക്കുന്നുണ്ടോ?" വികാരദ്യോതകമായ ഒരു ചോദ്യം! ഒരു നിമിഷത്തേയ്ക്കു ഞാൻ അമ്പരന്നുപോയി. ഞാനവരുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി! എന്തു്, ഞാൻ സ്വപ്നം കാണുന്നുവോ? ജീവിതത്തിൻെറ പൂന്തോപ്പിൽ കൗമാരത്തിൻെറ കാലിക്കോലുമായി പിച്ചവെച്ചു നടന്നിരുന്ന ആ ദിവസങ്ങൾ ഞാനോത്തു. നൂതനസ്മര

ങ്ങളെ തട്ടിയുണർത്തുന്ന നിരവധി ചിത്രങ്ങൾ എൻെറ മുമ്പിൽ ഒരേ സമയം അണിനിരന്നു.

"എൻെറ ലില്ലി!" എൻെറ ഹൃദയം തുടിച്ചു.

"ലില്ലി, ഇത്ര വമ്പിച്ചൊരു ആപത്തിൻെറ അടിത്തട്ടിലാണു് ഞാൻ കിടക്കുന്നതെന്നു് ഞാനിപ്പോഴാണറിയുക—എൻെറ ലില്ലി, ദൈവം എന്നോടു ക്ഷമിക്കുമോ?"

"ജോർജ്ജ്, സങ്കടപ്പെടാതിക്കൂ; ബാല്യത്തിൻെറ മലർക്കാവുകളിൽ ആനന്ദനൃത്തം ചെയ്തുല്ലസിച്ചിരുന്ന നമ്മിന്നു് അതിരററു് ആഹ്ളാദിക്കാം, ഈ സമാഗമത്തിൽ."

"ലില്ലി, ഞാനെങ്ങനെ സഹോദരിയുടെ മുമ്പിലിരിക്കും? അമ്മപെങ്ങന്മാരുടെ ചാരിത്രത്തെ ചവുട്ടിത്തേയ്ക്കുന്ന ഒരു പൈശാചികപ്രസ്ഥാനത്തിൻെറ വൈതാളികനല്ലയോ ഞാനിന്നു്?"

"എൻെറ ജോർജ്ജ്, സമാധാനിക്കൂ; ഞാനും ഒരു കമ്മ്യൂണിസ്റ്റായിരുന്നു."

"എന്നിട്ടു് ഈ നശീകരണത്തിൻെറ പിടിയിൽനിന്നു് എങ്ങനെ എൻെറ സഹോദരി രക്ഷപ്പെട്ടു?"

"അതൊരു വലിയ കഥയാണു മിസ്റ്റർ ജോർജ്ജ്" അവൾ പറഞ്ഞുതുടങ്ങി:—

"അവിടെനിന്നു ഞങ്ങൾ പോന്നു് ഏതാണ്ടു് ഒരു കൊല്ലത്തോളം ഞങ്ങൾ വയനാട്ടിൽ താമസിച്ചു. നല്ലൊരു വിഭാഗം ഭൂമിയും ഞങ്ങൾക്കവിടെ കൃഷിചെയ്യാൻ കിട്ടി. അവിടെനിന്നു പോന്നതോടുകൂടി അപ്പൻെറ

ദശ്ശീലമെല്ലാം ഏതാണ്ടനുഭവസാന്നിച്ചിരുന്നു.

ഭൂമിയോട് മല്ലിട്ടുകൊണ്ടു ഞങ്ങളവിടെ ജീവിച്ചു. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ, കുറെ മാസങ്ങൾക്കു ശേഷം അപ്പൻ മലമ്പനിപിടിച്ചു കിടപ്പിലായി. എങ്കിലും അമ്മയും ഞാനും വിയർത്തൊലിച്ചു വേലചെയ്തു. നല്ലനല്ല വിളവുകളും ഞങ്ങൾക്കുണ്ടായി. പക്ഷേ, ഞങ്ങളുടെ അപ്പന് അതനുഭവിക്കുന്നതിനുള്ള യോഗമുണ്ടായില്ല. അപ്പൻ പനികൊണ്ടുതന്നെ മരിച്ചു. ഇപ്പോൾ ഉദ്ദേശം അഞ്ചുകൊല്ലമായിക്കാണും.

"അപ്പൻെറ മരണത്തോടുകൂടി അമ്മയുടെ ഒരകന്ന ചാർച്ചക്കാരൻെറ ഉപദേശപ്രകാരം ഞങ്ങൾ ഇവിടെവന്നു താമസം തുടങ്ങി. വയനാട്ടിൽ ഞങ്ങൾക്കുണ്ടായിരുന്ന ഭൂമിയെല്ലാം നല്ല വിലയ്ക്കു വിററു. ഇവിടെ വന്നശേഷം ഞാനിവിടത്തെ ഗേൾസ് സ്കൂളിൽ ചേൎന്നു. രണ്ടുമൂന്നു കൊല്ലം അങ്ങനെ കഴിഞ്ഞു. 8-ാം ക്ലാസ്സിലേയ്ക്കു പാസ്സായപ്പോൾ എനിക്കൊരു പുതിയ കൂട്ടുകാരിയെ കിട്ടി. ഇവിടത്തെ കമ്മ്യൂ. നേതാവിൻെറ മകൾ. സുശീലയെന്നായിരുന്നു അവളുടെ പേര്. അവളും ഞാനും ഒരുമിച്ചാണു സ്കൂളിൽ പോകുന്നതും വരുന്നതും. അവൾ കൊണ്ടുവരുന്ന പുസ്തകങ്ങളെല്ലാം ഞാൻ വായിക്കും. പലപ്പോഴും അവളെനിക്കു കമ്മ്യൂ. നേതാക്കന്മാരുടെ ചിത്രങ്ങൾ സമ്മാനിക്കാറുണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ചു പത്താം ക്ലാസ്സ് പാസ്സായി. അവൾ പാർട്ടിപ്രവർത്തനങ്ങൾക്കു പോയി. ഞാൻ നമ്മുടെ സ്വന്തകാര്യങ്ങൾക്കും. അങ്ങനെയിരിക്കെയാണു് കമ്മ്യൂണിസത്തെപ്പററി കൂടുതൽ മ

നസ്സിലാക്കിയത്. അതോടുകൂടി ഞാൻ സുശീലയോടു സലാംപറഞ്ഞു പിരിയുകയും ചെയ്തു.

"ഇന്നു സുശീലയ്ക്കു് എന്നെ കാണുമ്പോറം വല്ലാത്ത വഴക്കാണു്. അവളുടെ പിടിയിൽ ഞാൻ പെടാത്തതിൽ ആ നീരസത്തിൻെറ പുത്രി എന്നെ പഴിക്കുകയാണു്. ദൈവത്തിനും നമ്മുടെ രാജ്യത്തിനും എതിരായിട്ടുള്ള ഒരു പ്രസ്ഥാനത്തോടു, മിസ്റ്റർ ജോർജ്ജ്, നമുക്ക് ഒരു മിച്ചടരാടാം."

ആവേശഭരിതമായ ലില്ലിയുടെ ആ പ്രസ്താവന എൻെറ സിരാപടലങ്ങറംക്കു ചൂടുകയററി. അവളുടെ വികസിച്ച ഭാവനയുടെ മുമ്പിൽ ശിരസു നമിക്കാൻ എനിക്കു തോന്നി!

ഞങ്ങളുടെ സംഭാഷണം ഇത്രയ്ക്കായപ്പോഴേയ്ക്കും ലില്ലിയുടെ അമ്മ അകത്തുനിന്നു വന്നു.

"പുള്ളിയെ മനസ്സിലായില്ലേ?" ലില്ലി അമ്മയ്ക്കു എന്നെ പരിചയപ്പെടുത്തുകയാണു്: "നമ്മുടെ തൃശൂരെ ചാക്കോച്ചേട്ടൻെറ മകൻ ജോർജ്ജ്." ആ മദ്ധ്യവയസ്കയുടെ നേത്രങ്ങളിൽ ഒരു പ്രകാശം വീണതുപോലെ എനിക്കു തോന്നി: "മോനേ, അപ്പനും അമ്മയ്ക്കും സുഖമല്ലേ?" അവർ ചോദിച്ചു.

"അതേ" ഞാൻ മറുപടി പറഞ്ഞു. സ്കൂളിൽപോയിരുന്ന ജോണി—ലില്ലിയുടെ കൊച്ചാങ്ങള—അകലെനിന്നു വരുന്നുണ്ടായിരുന്നു! അവൻ എൻെറ അരികത്തു വന്നു. അവറം എന്നെ അവനു പരിചയപ്പെടുത്തി.

സന്തോഷത്തിൽകുളിച്ച മണിക്കൂറുകൾ ഒന്നുരണ്ടെ ണ്ണനെ നീങ്ങി. ഞാൻ യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ ലില്ലി എന്നെ വിളിച്ചു പറഞ്ഞു. "ഇടയ്ക്ക് ഇങ്ങോട്ടൊ ക്കെ ഒന്നു വന്നോളൂ; മറക്കരുതേ." പുഞ്ചിരിയിൽ പൊ തിഞ്ഞ ഒരു സമ്മതവുമായി ഞാനന്നവിടെനിന്നു പി രിഞ്ഞു.

തികച്ചും അത്ഭുതത്തോടുകൂടിയാണ് എൻെറ വീട്ടു കാർ ആ വത്തമാനം ശ്രവിച്ചത്. ലില്ലിയുടെ കുടുംബം കോയമ്പത്തൂരുണ്ടെന്നും ഔസേപ്പുചേട്ടൻ മലമ്പനി പി ടിച്ചു മരിച്ചെന്നും പറഞ്ഞപ്പോൾ അവക്ക് അത്യാശ്ചര്യം തോന്നി. ആദ്യമാദ്യം അവക്കതു വിശ്വസിക്കാൻ കഴി ഞ്ഞില്ല. എങ്കിലും ഒടുവിലവരതു വിശ്വസിച്ചു.

ദിവസങ്ങൾ ഒന്നുരണ്ടു പിന്നെയും നീങ്ങി. അതാ, അന്നത്തെ മെയിലിൽ അപ്പന് ഒരെഴുത്തു കിട്ടി.

"പ്രിയപ്പെട്ട ചാക്കോ, ഞങ്ങൾ കോയമ്പത്തൂരാ ണെന്നറിയാമല്ലോ. ലില്ലിയുടെ പഠനത്തിനുവേണ്ടി ഞ ങ്ങളിവിടെ താമസിക്കുകയായിരുന്നു. അവളുടെ പഠിപ്പെ ല്ലാം കഴിഞ്ഞു. ഇപ്പോൾ ഇവിടത്തെ ചുററുപാടുകൾ കൂടുതൽ വിഷമകരമായിട്ടെനിക്കു തോന്നുകയാണ്. ഒ ന്നുകിൽ നാട്ടിലേയ്ക്കു മടങ്ങണമെന്നു കരുതുന്നു, അല്ലെ ങ്കിൽ ഏതെങ്കിലും ഗ്രാമപ്രദേശത്തേയ്ക്ക്. വേണ്ട ഒത്താ ശകളെല്ലാം ചെയ്തുതരണമെന്നപേക്ഷ."

നാട്ടിലേയ്ക്കു പോരാൻ ഹൃദയംഗമമായി അഭ്യത്ഥിച്ചു കൊണ്ടും ഹാദ്ദമായി സ്വാഗതം ചെയ്തുകൊണ്ടും അപ്പൻ

ആ കത്തിനു മറുപടിയെഴുതി. എന്തോ അപ്പനതിൽ വല്ല ഉദ്ദേശമുണ്ടായിരുന്നോ? ആവോ?

ഒരാഴ്ചയ്ക്കുശേഷം ലില്ലിയുടെ കുടുംബം ഞങ്ങളുടെ നാട്ടിൽ വന്നു താമസം തുടങ്ങി. നീണ്ട പത്തു സംവത്സരങ്ങൾക്കുശേഷം അവരിവിടെ വീണ്ടും വന്നിരിക്കുകയാണ്. പഴയ പരിചയക്കാരേയും സ്നേഹിതന്മാരേയും വീണ്ടും കണ്ടുമുട്ടാൻ കഴിഞ്ഞതിൽ അവർ ആത്മാർത്ഥമായി ആഹ്ളാദംകൊണ്ടു.

DHARMARAM COLLEGE LIBRARY
19805
BANGALORE



DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DC Library
*00019805*
T63.1 G29

T63·1
G29